KOTTAYAM PUBLIC LIBRARY

Call No. M330

Acc. No. 11586

Author ലെനിൻ വി.

Title [illegible]

1051

No. 11586.

എം. ഇലിൻ

THE KOTTAYAM PUBLIC LIBRARY KOTTAYAM.

# മണ്ണും മനുഷ്യനും

NATIONAL BOOK STALL SPCS LTD. KOTTAYAM

വിവർത്തക:

കെ. പി. പത്മം

M330

രണ്ടാംപതിപ്പ്
കോപ്പി ആയിരം
1952—1127

പ്രസാധകന്മാർ:
മംഗളോദയം ലിമിററഡ്,
തൃശ്ശിവപേരൂർ

വില:
ആറണ

No. 11586.
THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# മണ്ണും മനുഷ്യനും

## ഈ ഭൂമിക്ക് എത്ര പേരെ തീററിപ്പോററാം?

ലോകത്തിലാകെ 220 കോടി ആളുകൾ ജീവിക്കുന്നുണ്ട്. ഇതിൽ ചുരുങ്ങിയതു് 150 കോടിയോളം പേക്കു വയറു നിറയാത്ത ദിവസങ്ങൾ നിരവധിയാണു്.

ഏഷ്യയിലും തെക്കെ അമേരിക്കയിലും ആഫ്രിക്കയിലും സ്ഥിരംപട്ടിണിയുള്ള പ്രദേശങ്ങളുണ്ട്. 'ഇന്ത്യക്കാര'നെന്ന വാക്കിന്നു് 'വിശന്ന' എന്ന വിശേഷണപദം ഒരു സാധാരണ പ്രയോഗമായിത്തീന്നിരിക്കുന്നു. ബങ്കാളിൽ കൊല്ലക്കണക്കിൽ നീണ്ടുനിന്ന ക്ഷാമംകാരണം ആകെ ജനസംഖ്യയിൽ മൂന്നിലൊന്നു ചത്തൊടുങ്ങി. ഹെയ്ററിയിലെ വിഭവസമൃദ്ധമായ ഹോട്ടലുകൾ അററംകാണാത്ത ദാരിദ്ര്യമഹാസമുദ്രത്തിലെ സുഭിക്ഷദ്വീപുകളാണെന്നു് ഒരമേരിക്കൻ എഴുതുന്നു. ഈ അമേരിക്കക്കാരൻ വിശന്നു പൊരിഞ്ഞവരെ കാണാൻവേണ്ടി ഇത്രയും വിദൂരമായ ഹെയ്ററിയിലേയ്ക്കൊന്നും പോകേണ്ടിയിരുന്നില്ല. അദ്ദേഹത്തിന്നതു സ്വന്തം നാട്ടിൽത്തന്നെ കാണാമായിരുന്നു. സ്വന്തം കുടുംബാവശ്യത്തിന്നു മതിയായ ഭക്ഷണം വാങ്ങാൻ കഴിയാത്ത അമേരിക്കക്കാർ ഒരു കോടിയിലധികം വരുമെന്നു വേർമണ്ടിലെ റിപ്പബ്ളിക്കൻ സെനററർ ജോജ്ജ് ഡി എയ്ക്കൺ പറയുകയുണ്ടായി.

ഇക്കാലങ്ങളിൽ 'ലോകത്തിലെ വിശപ്പ്' പ്രസംഗങ്ങളുടേയും ലേഖനങ്ങളുടേയും പുസ്തകങ്ങളുടേയും ഒരു പ്രധാനവിഷയമായിത്തീർന്നിട്ടുണ്ട്. മനുഷ്യരാശിക്ക് ഇതിൽനിന്നു രക്ഷ സാദ്ധ്യമാണോ എന്നും അതെങ്ങിനെ സാദ്ധ്യമാകുമെന്നുമുള്ള വിഷയത്തെപ്പററി ശാസ്ത്രജ്ഞന്മാരും എഴുത്തുകാരും പൊതുജനനേതാക്കന്മാരുമെല്ലാം തീവ്രമായ ചർച്ചകൾ നടത്തുകയാണ്. മിക്കവാറും അവരെത്തുന്നതു തീരെ തലകീഴായ നിഗമനങ്ങളിലാണ്. പണ്ടേയ്ക്കുപണ്ടേ അശാസ്ത്രീയമെന്നു കരുതി തള്ളപ്പെട്ട മാൽത്തുസിൻെറ സിദ്ധാന്തങ്ങളിലേയ്ക്കു തിരിച്ചുചെന്നുകൊണ്ട്, ബ്രിട്ടീഷുകാരും അമേരിക്കക്കാരുമായ ചില ശാസ്ത്രജ്ഞന്മാർ ജനസഞ്ചയത്തിന്നു ഭക്ഷണം നല്കാൻ ഈ ഭൂമി മതിയാവില്ലെന്നും അതിനാൽ ഭക്ഷണം മതിയാവണമെങ്കിൽ ജനസംഖ്യ ചുരുക്കണമെന്നും തീരുമാനിച്ചിരിക്കയാണ്.

അമേരിക്കയിൽ കോർണൽസർവ്വകലാശാലയിലെ ഫ്രാങ്ക് എ. പിയേർസൺ, ഫ്ളോയ്ഡ് എ. ഹാർപ്പർ എന്ന രണ്ടുപേർകൂടി 'ലോകത്തിൻെറ വിശപ്പ്' എന്ന പേരിലൊരു പുസ്തകം രചിച്ചിട്ടുണ്ട്. ലോകത്തിലെ ജനസംഖ്യ എത്രയാക്കി ചുരുക്കണമെന്ന് അതിലവർ കണക്കാക്കിയിട്ടുണ്ട്. ഭൂമിയിൽ 90 കോടി മനുഷ്യർക്കുമാത്രമേ പട്ടിണികൂടാതെ ജീവിക്കാൻ സാധിക്കൂ എന്നാണവരുടെ തീർപ്പ്. ഇതുതന്നെ കുറച്ചു കൂടിയ കണക്കാണെന്നു കരുതുന്നവരുമുണ്ട്. അവരുടെ കണക്കിൽ ലോകത്തിൽ 75കോടിയോ 50കോടിയോ മനുഷ്യർമാത്രമേ പാടുള്ളു. എന്നാൽ 'മനുഷ്യരാശിയുടെ ഈ ഗുണകാംക്ഷിക'ളെല്ലാംതന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമുണ്ട്—ലോകത്തിൽ "ആവശത്തിൽ കവിഞ്ഞ 100കോടി വായകളുണ്ടെ"ന്നു ബ്രിട്ടീഷ്ജീവശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സ്ലി 1950 മാർച്ചിൽ ലണ്ടനിൽ വെച്ച് ഒരു ഭക്ഷണസമ്മേളനത്തിൽ പറയുകയുണ്ടായി—പല രാജ്യങ്ങളും സ്വന്തം ജനസംഖ്യ ചുരുക്കാൻ വേണ്ട നടപടിക

ളെടുക്കേണ്ടതുണ്ടെന്ന്. ഭൂമിയിലെ ജനസംഖ്യ ഓരോ സെക്കണ്ടുതോറും രണ്ടും മൂന്നും വീതം വർദ്ധിക്കുകയാണെന്നും അതുകൊണ്ട് ഒട്ടും താമസംകൂടാതെ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണിതെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

സോവിയററുനാട്ടുകാരായ ഞങ്ങൾ വർദ്ധിച്ചുവരുന്ന ജനനനിരക്കിനേയും ചുരുങ്ങിച്ചുരുങ്ങിവരുന്ന മരണനിരക്കിനേയും സ്വാഗതംചെയ്യുന്നു. ഞങ്ങളുടെ നാട്ടിൽ വലിയ കുടുംബങ്ങളുള്ള അമ്മമാർ ഏററവും ഉയൎന്ന പദവിയും ബഹുമാനവും അൎഹിക്കുന്നവരാണ്. അവൎക്കു ഗവൎമ്മേണ്ടുവക ബിരുദുകൾ നല്കപ്പെടുന്നു. എന്നാൽ മുതലാളിത്തരാജ്യങ്ങളിൽ ചിലർ 'ഭൂമിയിലെ ജനസംഖ്യ കുറയ്ക്കാനുള്ള' പ്ലാനിന്നുവേണ്ടി മുറവിളികൂട്ടുകയാണ്.

പിയേർസണും ഹാർപ്പറും "വ്യസനസമേതം" എഴുതുന്നു:

"ഇമ്മാതിരി ഒരു പ്ലാനിന്റെ സാൎവ്വദേശീയപ്രവൎത്തകന്മാർ പ്ലാനിന്റെ ഒരു അജണ്ടപോലും ഇനിയും പുറത്തിറക്കിയിട്ടില്ല. യുദ്ധം, പകൎച്ചവ്യാധി, ക്ഷാമം ഇവയെല്ലാം ഈ ഉദ്ദേശത്തിന്നു പററിയ മാൎഗ്ഗങ്ങളാണ്. പക്ഷേ, ഈ മാൎഗ്ഗങ്ങൾ അടയ്ക്കാനുള്ള പ്രയത്നങ്ങളാണിന്നു നടക്കുന്നത്. ഇവയ്ക്കു പകരം ജനസംഖ്യ ചുരുക്കത്തക്ക ഫലപ്രദമായ മറെറന്തെങ്കിലും പോംവഴി കണ്ടെത്താത്ത കാലത്തോളം........യുദ്ധത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും നാമൊരിക്കലും സ്വതന്ത്രരാവില്ല."

അപ്പോൾ, ഒന്നുകിൽ യുദ്ധം, അല്ലെങ്കിൽ യുദ്ധത്തിന്നു ബദലായി മറെറന്തെങ്കിലും—അതാണ് വിശപ്പിന്നവർ നിർദ്ദേശിക്കുന്ന മരുന്ന്.

സോവിയററുയൂനിയനിൽ കൂടുതൽ സുഖപ്രദമായ ജീവിതം സാദ്ധ്യമാകത്തക്ക പ്ലാനുകൾ തയ്യാറാക്കപ്പെടുകയാണ്. എന്നാൽ ഹാർപ്പറും പിയേർസനും ലോകത്തിലെ ഭൂരിപക്ഷം ജനങ്ങൾ ജീവിക്കുന്നതിനെത്തന്നെ തടുക്കാനുള്ള പ്ലാനുകളാണാ

വശ്യപ്പെടുന്നതു്. തോൽ, കാപ്പി, റബ്ബർ ഇങ്ങിനെ പലതിന്റേയും ബദലുകളെപ്പററി നാമെല്ലാം കേട്ടിട്ടുണ്ടു്. പക്ഷേ ഈ "യുദ്ധത്തിന്റെ ബദൽ" എന്തൊക്കെയാണാവോ?

മററാരമേരിക്കക്കാരനായ വില്യം വോഗ്ററിന്റെ 'റോഡ് ടു സർവൈവൽ' (രക്ഷയിലേയ്ക്കുള്ള പാത) എന്ന പുസ്തകത്തിൽ ഇതിനുള്ള ഉത്തരം കൊടുത്തിട്ടുണ്ടു്. ഇതിലെ ഒരദ്ധ്യായത്തിന്റെ തലക്കെട്ട് 'അപകടകാരനായ ഡോക്ടർ' എന്നാണു്. അതിലെ ഒരു ഖണ്ഡികയാണു് താഴെ കൊടുക്കുന്നതു്:

"ആധുനികവൈദ്യത്തിന്റെ പ്രവൎത്തനപദ്ധതികൾ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന അജ്ഞനായ ഒരാളുടെ സംശയാസ്പദങ്ങളായ ചില പ്രസ്താവനകളെ ആശ്രയിച്ചു രൂപവല്ക്കരിക്കപ്പെട്ടവയാണു്. അതുകൊണ്ടതു കഴിയുന്നത്ര ആളുകളെ ജീവനോടെ സൂക്ഷിക്കേണ്ടതു സ്വന്തം കടമയായി കരുതുന്നു.......മെച്ചപ്പെട്ട ശുചീകരണവ്യവസ്ഥകൾവഴിയായും വൈദ്യശുശ്രൂഷകൾവഴിയായും അതു കോടിക്കണക്കിൽ ആളുകളെ വദ്ധിച്ചുവരുന്ന കഷ്ടപ്പാടിലൂടെ കൂടുതൽ കൊല്ലങ്ങൾ ജീവനോടെ നിലനിത്തുകയാണു്."

ഇതു കേട്ടാൽ തോന്നും, പട്ടിണിയുടെ ഉത്തരവാദികൾ ഡോക്ടർമാരാണെന്നു്. ഹിപ്പോക്രാറീസ് തുടങ്ങി കീഴോട്ടുള്ള എല്ലാം ഡോക്ടർമാരും ആളുകളെ, വിശേഷിച്ചും സാധുക്കളെ, ചികിത്സിച്ചില്ലായിരുന്നുവെങ്കിൽ ഭൂമുഖത്തു് ഇത്രയധികം "പട്ടിണിക്കാർ" ഉണ്ടാവുകയില്ലായിരുന്നു!

മലിനജലം കുടിക്കരുതെന്നു നമ്മളൊക്കെ ശൈശവംമുതല്ക്കേ പഠിച്ചിട്ടുള്ളതാണു്. എന്നാൽ വോഗ്ററിന്റെ അഭിപ്രായത്തിൽ, കോളറയുടേയും ടൈഫോയിഡിന്റേയും രോഗാണുക്കൾ കലന്ന മലിനജലം കുടിക്കുന്നതു നിൎത്തൽചെയ്തു "ശുചീകരണവിപ്ലവം"വഴിയായി ഡോക്ടർമാർ ജീവരാശിയോടു വമ്പിച്ചോരപരാധമാണു് ചെയ്തതു്! ഈ "ശുചീകരണവിപ്ല

വം"—അതിൽ വിശേഷിച്ചും തിളച്ച വെള്ളം ഉപയോഗിക്കുന്ന സമ്പ്രദായം—കാരണം ജനസംഖ്യയുടെ ഒരു പൊട്ടിത്തെറി തന്നെ ഉണ്ടായിട്ടുണ്ട്. ഒരു ശതാബ്ദംകൊണ്ടു ജനസംഖ്യ ഇരട്ടിച്ചിരിക്കുന്നു.

ഭൂരിപക്ഷം രാജ്യങ്ങളിലും കോളറ നാമാവശേഷമായിട്ടു വളരെ കാലമായി. പക്ഷേ അതിനെ തിരിച്ചുവിളിക്കാനാഗ്രഹിക്കുന്നവരിന്നുണ്ട്. സ്വാഭാവികമായും വോഗ്ററിന്നു്, തനിക്കോ തൻെറ നാട്ടുകാക്കോ കോളറ വരണമെന്നാഗ്രഹമില്ല. പക്ഷേ അക്കാരണത്താൽ കണക്കിലേറെ ജനസംഖ്യ പെരുകിയ ഏഷ്യയിലും യൂറോപ്പിലും എന്തുകൊണ്ട് അതിനെ സ്വതന്ത്രമായി പ്രവത്തിക്കാനനുവദിച്ചുകൂടാ?

അമേരിക്കയെസ്സംബന്ധിച്ചിടത്തോളം, പട്ടിണിമാററാൻ വോഗ്ററ് മറെറാരു മാഗ്ഗം നിദ്ദേശിക്കുന്നുണ്ട്: സന്താനോല്പാദനശക്തി നശിപ്പിക്കുക. "ഉല്പാദനശക്തി നശിപ്പിക്കുന്ന ചെറിയതരം ഓപ്പറേഷനോടനുകൂലിക്കുന്ന ആക്കും മതിയായ ചെറിയൊരു തുക കൊടുക്കണം." ഈ ആശയത്തെ വിവരിച്ചുകൊണ്ടദ്ദേഹം തുടരുന്നു:

"സമുദായത്തിൻെറ ഉൽക്കഷത്തെ അപേക്ഷിച്ചു നോക്കുമ്പോൾ സ്ഥിരംപട്ടിണിക്കാരായ വ്യക്തികൾക്കു് ഈ ആവശ്യത്തിന്നു് 50ഓ 60ഓ ഡോളറുകൾ കൊടുക്കുന്നതാണ് നല്ലതു്. അവരിലധികംപേരും ദൈഹികമായും മാനസികമായും മാർജിനലായിരിക്കും. ആ സ്ഥിതിക്ക് അവരുടെ സന്താനപരമ്പരകളെ പോററി വളത്തി ഈ ദൌബ്ബല്യത്തെ നിലനിത്തുന്നതിലും ഭേദം ഇവക്ക് 50ഓ 100ഓ കൊടുക്കുകയാണ്."

ഈ വാക്കുകൾക്കു ഗോബൽസ്തന്നെ ജാമ്യം നില്ക്കുമായിരുന്നു. കാരണം "മാർജിനലായ" വ്യക്തികളെ വന്ധ്യരാക്കുന്ന സമ്പ്രദായം "ജനപ്പെരുപ്പത്തെ" തടയാൻ പററിയ ഉത്തമൌഷധമായിട്ടാണ് ഫാസിസ്റ്റുകാർ ഗണിച്ചിരുന്നതു്. എന്നി

ട്ട്, ഈ നരഭോജിസമ്പ്രദായത്തെ സയൻസിൻെറ ഏററവും പുതിയ കണ്ടുപിടുത്തമായിട്ടവർ പൊക്കിക്കാട്ടുന്നു. അവരിതിനെ, ഫാസിസ്റ്റുകൾ ചെയ്തപോലെ, കള്ളശ്ശാസ്ത്രീയപദങ്ങളിൽ പൊതിഞ്ഞ് ഒരു "ശാസ്ത്രീയസിദ്ധാന്ത"ത്തിൻെറ സ്ഥാനത്തേക്കുയർത്തിയിരിക്കുന്നു. ഈ "സിദ്ധാന്ത"പ്രകാരം വേണ്ടത്ര ഭക്ഷണം നല്കാൻ ഭൂമിക്കു കഴിവില്ലാത്തതുകൊണ്ടു നൂറുകണക്കിൽ സ്ത്രീപുരുഷന്മാർ അച്ഛനമ്മമാരാകാനുള്ള തങ്ങളുടെ അവകാശത്തെ അടിയറവെയ്ക്കണം.

വോഗ്ററിൻെറ ഗ്രന്ഥം നിറയെ "വിശന്ന വായകൾ" "ഒഴിഞ്ഞ വയറുകൾ" എന്ന പദങ്ങൾ കാണാം. അമേരിക്കയ്ക്ക് "അതിൻെറ ഭക്ഷണമുറിയിലെ മേശയ്ക്കു ചുവടെ 5 കോടി ബ്രിട്ടീഷുകാലുകൾ വെയ്ക്കേണ്ടിവരു"മെന്നാലോചിക്കുമ്പോൾ ഗ്രന്ഥകാരൻ ഞെട്ടിപ്പോവുകയാണത്രേ! അതിലെ ഒരദ്ധ്യായത്തിൻെറ തലക്കെട്ട് "ഊണിന്നു വന്ന ജപ്പാൻകാർ" എന്നാണ്. സ്വന്തം ഇത്തിക്കണ്ണിത്താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മനുഷ്യരാശിയുടെ വലിയൊരു വിഭാഗത്തെ കുരുതികൊടുക്കാൻ തയ്യാറുള്ള ഈ മനുഷ്യദ്വേഷിയെ അപേക്ഷിച്ചു ഡിക്കൻസിലെ പണ്ടത്തെ പഴയ പിശുക്കനായ സ്ക്രൂജ് ഒരു ദേവൻതന്നെയാണ്.

എന്നാൽ, ഈ മാൽത്തുസിയൻകാർ പറയുമ്പോലെ ഭൂമി അത്രയ്ക്കു തിങ്ങിനിറഞ്ഞതാണോ എന്നു നമുക്കൊന്നു നോക്കാം. മനുഷ്യർക്കു വേണ്ടത്ര ഭക്ഷണം കിട്ടാറാവണമെങ്കിൽ ആളൊന്നുക്ക് ഒരു ഹെക്ടർവീതം കൃഷിഭൂമിയുണ്ടാവണമെന്ന് അമേരിക്കൻ സ്റ്റേററ്ഡിപ്പാർട്ടുമെൻറ് കണക്കാക്കുന്നുണ്ട്. വാസ്തവത്തിൽ ശരാശരി ആളൊന്നുക്കു 4/10 ഹെക്ടർ വീതമേ ഇന്നു കൃഷിചെയ്യപ്പെടുന്നുള്ളു. ഇതാണ് പട്ടിണിയുടെ കാരണമെന്നുവെയ്ക്കുക. എന്നാലും നമ്മുടെ ഭൂഗോളത്തിൽ കൃഷിചെയ്യത്തക്ക ഭൂമി ഇനിയും എത്രയോ ഉണ്ട്. ഇന്നു ഭൂമിയുടെ 10%മാത്രമേ കൃഷിചെയ്യപ്പെടുന്നുള്ളു. ഇതിൽത്തന്നെ 4%, അല്ലെങ്കിൽ പകുതിയിൽ

താഴെ, ഭാഗത്തും നവധാന്യങ്ങളാണ് കൃഷിചെയ്യപ്പെടുന്നതു്. പററിയ കാലാവസ്ഥയും മണ്ണും നോക്കി കണക്കാക്കിയാൽത്തന്നെ ഭൂമുഖത്തു 30%ൽ കുറയാതെ കൃഷിക്കു പററിയതാണ്. അപ്പോൾ ആളൊന്നുക്കു 0.4 ഹെക്ടറിന്നു പകരം 1.2 ഹെക്ടറാകത്തക്കവണ്ണം ഭൂമി 3 ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ സാധിക്കും. എന്നാൽ എല്ലാവൎക്കും സുഭിക്ഷമായി ആഹാരത്തിനുണ്ടാവും. ജനസംഖ്യം ഇനിയും 20% വൎദ്ധിക്കുകയും ചെയ്യാം.

ഈ ഗണിതങ്ങളെല്ലാം ലോകത്തിലാകെക്കൂടി ശരാശരി ഒരു ഹെക്ടറിന്നു 9 മുതൽ 10 സെൻറ്നറുകൾവരെയെന്ന ഇന്നത്തെ വിളനിരക്കിനെയാസ്പദിച്ച് തയ്യാറാക്കപ്പെട്ടതാണ്. പക്ഷേ യു.എസ്.എസ്. ആറിൽ ട്രാവോപോളിപദ്ധതിയ്ക്കനുസരിച്ച് കൃഷി നടത്തുന്ന കൂട്ടുകൃഷിക്കാർ ഒരു ഹെക്ടറിന്നു 25 മുതൽ 35 സെൻറ്നറുകൾവരെ വിളയെടുക്കുന്നുണ്ടു്.

കാമെൻക്കാനീപ്രോവ്സ്കായ്യാജില്ലയിലെ വൊറോഷിലോവ്കൂട്ടുകൃഷിസ്ഥാപനത്തിൻെറ ഉദാഹരണമെടുക്കാം. 1939 ൽ അതു ഹെക്ടറിന്ന് 35 സെൻറ്നർവീതം 83 ഹെക്ടർ കൃഷി ചെയ്തു. ക്രാസ്നോയാർസ്ക് ടെറിട്ടറിയിൽ യെമില്യാനോവോ ജില്ലയിൽ യുക്രേനിയൻകൂട്ടുകൃഷിസ്ഥലത്തിൽ അവർ ഹെക്ടറിന്നു 35 സെൻറ്നർവീതം 50 ഹെക്ടർ കൃഷിചെയ്തു.

അപ്പോൾ ഗവേഷണസ്റ്റേഷനുകളിലെ പരിക്ഷണപരിപാടികളിലല്ലാതെതന്നെ സാധാരണക്കൂട്ടുകൃഷിസ്ഥാപനങ്ങളിലും നമ്മുടെ കണക്കുകൾ നിശ്ചയിച്ചതിൻെറ നാലിരട്ടി വിളയെടുക്കാൻ സാധിക്കും.

തൽക്കാലം ലോകത്തിലാകെയുള്ള വിള ശരാശരി $2\frac{1}{4}$ ഇരട്ടിയും കൃഷിസ്ഥലങ്ങൾ 3 ഇരട്ടിയും മാത്രം വൎദ്ധിക്കുന്നുവെന്നു വിചാരിക്കുക—എന്നാൽത്തന്നെ ഹാർപ്പറും പിയേർസണും അവകാശപ്പെട്ടുംപോലെ 90 കോടി ജനങ്ങൾക്കു പകരം 660 കോടി ജനങ്ങൾക്കുള്ള ഭക്ഷണം നല്കാൻ ഈ ഭൂമി മതിയാവും.

ഇതിൻെറയത്ഥം ഇന്നത്തെ ജനസംഖ്യ മൂന്നിരട്ടിച്ചാലും അത്ഭുതാവഹമായ ശാസ്ത്രീയകണ്ടുപിടുത്തങ്ങളൊന്നുംകൂടാതെ തന്നെ മനുഷ്യന്നു് ഈ ലോകത്തിൽനിന്നു പട്ടിണി തുടച്ചുനീക്കാൻ കഴിയുമെന്നാണ്. എന്നാൽ ഇത്രമാത്രമല്ല കഴിയുകയുള്ളു. തുണ്ട്റ, ഉഷ്ണമേഖലയിലെ കാടുകൾ തുടങ്ങി വിസ്തൃതങ്ങളായ എത്രയെത്ര മരുഭൂമികളാണ് ഉപയോഗശൂന്യമായി പരന്നു കിടക്കുന്നതു്! തീച്ചയായും, ഇവയിൽനിന്നു വിളവെടുക്കുന്നതു് അത്ര എളുപ്പമല്ല. എങ്കിലും അതും സാദ്ധ്യമാണ്.

ഞങ്ങളുടെ നാട്ടിൽ മദ്ധ്യേഷ്യയിലെ മരുഭൂമികളിൽ ഇങ്ങിനെ വിജയകരമായൊരു പ്രവത്തനമാരംഭിച്ചിട്ടുണ്ടു്. കൃഷി വിജയപൂവ്വം വടക്കോട്ടു മാർച്ചുചെയ്യുകയാണ്. അതു ശീതമേഖല കടന്നുകഴിഞ്ഞിരിക്കുന്നു.

ബ്രിട്ടീഷുഗവമ്മേണ്ടു് ആസ്ത്രേല്യൻമരുഭൂമികളിൽ ഭൂപരിശോധനക്കു പീരങ്കിപ്പട്ടാളച്ചിലവിലേക്കു നീക്കിവെച്ചിട്ടുള്ള തുക $2\frac{1}{2}$ കോടി പവനാണ്. ഈ സംഖ്യ കിണറുകൾ കുഴിക്കുന്നതിന്നും ജലസേചനങ്ങൾക്കുമായി ചിലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ മരുഭൂമികളിൽനിന്നു ഭക്ഷണവും കമ്പിളിയും ഉല്പാദിപ്പിക്കാൻ കഴിയുമായിരുന്നു.

മാത്രമല്ല, ഈ ലോകത്തിന്നു മുഴുവൻ ആവശ്യമായ പഴവഗ്ഗങ്ങൾ ഉല്പാദിപ്പിക്കത്തക്ക വമ്പിച്ച കേന്ദ്രങ്ങളാക്കി മാററാവുന്ന ഉഷ്ണമേഖലാപ്രദേശങ്ങളുണ്ടു്. പക്ഷേ, അമേസോൺകരയിലെ ഉഷ്ണമേഖലാവനങ്ങൾ ഏതാണ്ടു സഹാറപോലെതന്നെ ജനശൂന്യമായി കിടക്കുകയാണ്.

മാൽത്തുസിൻെറ പുതിയ അനുയായികൾക്കു ഭൂമിയിലെ "ജനപ്പെരുപ്പ"ത്തെപ്പററി എത്ര പറഞ്ഞാലും മതിയാവുന്നില്ല. എന്നാൽ തെക്കെ അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയ എന്നീ വൻകരകളുടെ ഏററവും ചെറിയ ഭാഗങ്ങൾമാത്രമേ മനുഷ്യൻ

കീഴടക്കിയിട്ടുള്ളുവെന്നതു ഭൂപടത്തിലേയ്ക്കു് ഒററനോട്ടം നോക്കിയാൽ വ്യക്തമാവുന്നൊരു പരമാത്ഥമാണ്. ഉദാഹരണത്തിന്നു ബ്രസീലിൽ ആകെയുള്ള ഭൂമിയുടെ 16 ശതമാനംമാത്രമാണ് കൃഷിചെയ്യപ്പെടുന്നതു്. ആസ്ത്രേലിയയിൽ അതു 17 ശതമാനമാണ്.

യൂറോപ്പിലും ഏഷ്യയിലുംതന്നെ ജനസംഖ്യ ഇന്നത്തേതിലും എത്രയോ ഇരട്ടിയായി വദ്ധിച്ചാലും ജീവിക്കാൻ ഭൂമി മതിയാകാതെവരില്ല.

ജമ്മനിയിൽ തങ്ങൾക്കു ജീവിക്കാനിടം പോരെന്നു നാസികൾ എപ്പോഴും പറയാറുള്ളതാണ്. "ജീവിക്കാൻ ഇടം" നേടാനുള്ള സമരത്തിൽ വേണ്ടിവന്നാൽ മററുള്ളവരുടേയും തൻെറയും രക്തം ചിന്താൻ മടിക്കരുതെന്ന തത്വം ഓരോ ജമ്മൻകാരനിലും ശൈശവംമുതല്ക്കുതന്നെ കുത്തിവെയ്ക്കപ്പെട്ടിരുന്നു. എങ്കിലും ഇന്നുള്ളതിനേക്കാൾ എത്രയോ അധികം പേക്കു ഭക്ഷണം നല്കാൻ ഇന്നത്തെ ജമ്മനിക്കു കഴിയുമെന്നതു് ഒരു യാഥാത്ഥ്യമാണ്.

മണ്ണിൻെറ ഫലഭൂയിഷ്ഠത വദ്ധിപ്പിക്കാനുതകുന്ന പല വഴികളും ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ടു്. ചെടികൾക്കു് എത്രകണ്ടു് അധികം വളവും വെള്ളവും കിട്ടുന്നുവോ, അത്രകണ്ടു് അവ സൂയ്യനിലെ പ്രവത്തനശക്തിയെ ഫലങ്ങളിലെ പ്രവത്തനശക്തിയായി മാററും. ഇതിൻെറ ഏററക്കുറച്ചിൽ ചെടിയുടെ വഗ്ഗപ്രകൃതിയെമാത്രമേ ആശ്രയിക്കുന്നുള്ളു. ഈ വഗ്ഗപ്രകൃതിതന്നെ പരിണാമത്തിന്നു വിധേയമാണ്. ഇതെല്ലാം ശാസ്ത്രം തെളിയിച്ചുകഴിഞ്ഞതാണ്. ടിമിറ്റ്യാസേവ്, മിച്ചൂറിൻ, വില്യൂസ്, ലൈസെൻകോ തുടങ്ങിയ റഷ്യൻഗവേഷകന്മാരുടെ പ്രവത്തനങ്ങൾ ഇതിന്നു തെളിവാണ്.

ഭൂമി കോസ്മിക് എനർജിയുടെ ഒരു ഭണ്ഡാരമാണ്. കൃഷിയിടങ്ങൾ കൃത്യമായി വിപുലീകരിക്കയും വിളവു വദ്ധിപ്പി

ക്കുകയും ചെയ്യുന്നതുകൊണ്ടു നമുക്ക് ഈ തേജശ്ശക്തിയെ കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ്.

വോഗ്ററ് തുടങ്ങിയ അഭിനവമാൽതൂസിയൻകാരുടെ അഭിപ്രായത്തിൽ പ്രകൃതിയിൽത്തന്നെ പ്രതിരോധിശക്തികളുള്ളതുകൊണ്ടു ഭൂമി ഇന്നത്തേതിൽ കൂടുതൽ ഉപയോഗപ്പെടുത്തുക സാദ്ധ്യമല്ല. ഇവർ സ്വന്തം നിഗമനത്തെ തെളിയിക്കാൻ ഐക്യനാടുകളിൽ ചിലേടങ്ങളിൽ കാടുകൾ വെട്ടിയൊഴിച്ചതിനാൽ മണ്ണരിച്ചുപോയി ഭൂമി തരിശായതും വെള്ളവും കാററും വന്നു ഭൂമിയുടെ മുകൾപ്പരപ്പിലെ മൂന്നിലൊന്നു മണ്ണു കടലിലേയ്ക്കടിച്ചുകൊണ്ടുപോയതും മററും ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കുന്നു.

ഈ വക തക്കമററ യാഥാത്ഥ്യങ്ങളിലൂടെ അവരെത്തുന്നതു തീരെ വഷളായ ചില തീരുമാനങ്ങളിലാണ്. അമേരിക്കൻ മണ്ണിന്റെ ഉപയോഗശൂന്യതയ്ക്കു വോഗ്ററ് പറയുന്ന കാരണങ്ങളിവയാണ്. കാടുകളെ വെട്ടിത്തെളിയിച്ച ഇരുമ്പുമഴുവാണ് ഒന്നാമത്തെ കുററവാളി; രണ്ടാമത്തേതു കരിയും നുകവും. ഇതേ ലിസ്റ്റിൽപ്പെട്ട മറെറാരു കുററവാളി കതിരുള്ള ധാന്യമാണ്. ധാന്യംകൊണ്ടുള്ള ദോഷങ്ങളെ സിഫിലിസ്സുകൊണ്ടുള്ള ദോഷങ്ങൾപോലെയാണ് വോഗ്ററ് ചിത്രീകരിക്കുന്നതു്. ഈ ഉപമ അദ്ദേഹത്തിനു പ്രത്യേകം പത്ഥ്യമാണെന്നു തോന്നുന്നു. കാരണം, അതു പലേടത്തും ആവത്തിച്ചുകാണുന്നുണ്ടു്.

ഭൂമിയെ ബലാൽക്കാരംചെയ്തു നശിപ്പിച്ച മുതലാളിത്തവ്യവസ്ഥിതിയെ കുററം പറയാതെ നിജ്ജീവങ്ങളായ പണിയായുധങ്ങളുടെ മേൽ ആ കുററം വെച്ചുകെട്ടാനാണ് വോഗ്ററ് തുനിയുന്നതു്. പക്ഷേ അവരവർ കാൽവഴുതി വീണുകേടുപററിയതിന്നു നിലത്തിനെ തല്ലിയിട്ടു കാൎയ്യമില്ലെന്നു് ഏതു കുട്ടിക്കും അറിവുള്ളതാണ്.

"മരുഭൂമികൾ നമ്മുടെ കൃഷിഭൂമികളിന്മേൽ വന്നുകൂടുകയാണ്! അമേരിക്ക മറെറാരു അത്ലാന്തിക്കായി മാറുകയാണ്; അതിൻെറ മണ്ണു കടലിൽ മുങ്ങിപ്പോവുകയാണ്"—'നാശത്തിൻെറ പ്രവാചകന്മാ'രെന്നു സ്വന്തം നാട്ടുകാരാൽത്തന്നെ വിവരിക്കപ്പെട്ട ചില അമേരിക്കക്കാർ മുറവിളികൂട്ടുന്നു. പക്ഷേ നല്ല കാലംകൊണ്ട് അവർ നുണപ്രചാരകന്മാരാണ്! മരുഭൂമികൾ മനുഷ്യൻെറ മേൽ വന്നുകൂടുകയല്ല; നേരെ മറിച്ച ലോകത്തിലെ മുഴവൻ ജനതയുടേയും സുഖജീവിതത്തിനുവേണ്ടി—ഒരു പിടി ഇത്തിക്കണ്ണികളുടെ ലാഭം വർദ്ധിപ്പിക്കാനല്ല—ശാസ്ത്രീയമായ പ്ലാനുകൾ അനുസരിച്ച ചെയ്യാവുന്നതെല്ലാം ചെയ്തുകൊണ്ട് എവിടെയെല്ലാം പ്രയത്നിക്കുന്നുണ്ടോ, അവിടെയെല്ലാം മനുഷ്യർ മരുഭൂമിയെ കീഴടക്കുകയാണിന്നു ചെയ്യുന്നത്.

പ്രകൃതി എതിരായിരിക്കും. പക്ഷേ, മനുഷ്യൻെറ അദ്ധ്വാനത്തിനു പ്രകൃതിയുടെ നിരോധത്തെ തോല്പിക്കാൻ കഴിയും. ഒരു പ്ലാൻ അനുസരിച്ച നടക്കുന്ന കൂട്ടായ അദ്ധ്വാനംകൊണ്ടു മണ്ണു ദ്രവിക്കുന്നതിനെ തടയാം. തെററായ രീതിയിൽ ഉഴുതു ധൂളിയാക്കിത്തീർത്തു നിരുപയോഗമാക്കിയിടുന്ന മണ്ണിനെ മാത്രമേ കാററും വെള്ളവും വഹിച്ചുകൊണ്ടു പോകയുള്ളു. ഈ വക ബാഹ്യശത്രുക്കൾ കൃഷിയിടത്തെ കൊള്ളചെയ്യുന്നതു തടയാൻ വാട്ടർഷെഡ്ഡുകളിൽ മരങ്ങൾ നട്ടുപിടിപ്പിക്കണം. ഷെൽട്ടർബെൽട്ടുകൾ ഉപയോഗിച്ച കൃഷിയിടത്തെ കാററിൻെറ കെടുതിയിൽനിന്നു രക്ഷിക്കണം. മണ്ണു ധൂളിയായി പോകാതെ മണിമണിയായി കട്ടപിടിച്ചു കിടക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഞങ്ങളുടെ നാട്ടിൽ സ്റ്റാലിൻപ്ലാനനുസരിച്ച പ്രകൃതിയെ പുതുക്കിപ്പണിയുന്നതിലേർപ്പെട്ടിരിക്കുന്ന ഓരോരുത്തനും അറിയാവുന്ന സംഗതികളാണിവ. ജനകീയജനാധിപത്യരാജ്യങ്ങൾ ഞങ്ങളുടെ മാതൃകയെ അനുകരിച്ചുവരുന്നുണ്ട്.

പക്ഷേ കൊള്ളലാഭം ഭരണംനടത്തുന്ന നാട്ടുകളിൽ മണ്ണിന്റെ മേൽ നടത്തപ്പെടുന്ന ബലാൽസംഗങ്ങൾ ജനതയുടെ നിത്യജീവിതത്തിന്നുള്ളതുപോലും ഉല്പാദിപ്പിക്കാൻ കഴിയാത്ത വിധം ഭൂമിയെ തരിശാക്കിത്തീക്കുന്നു.

## "ആവശ്യത്തിലധികം വായക"ളും "ആവശ്യത്തിലധികം ഭക്ഷണ"വും

അമേരിക്കയിലെ മിക്ക പൊതുപ്രവത്തകന്മാരേയും അലട്ടുന്ന രണ്ടു പ്രശ്നങ്ങളാണിവ—"ആവശ്യത്തിലധികം വായക"ളും "ആവശ്യത്തിലധികം ഭക്ഷണ"വും.

ഇവ ഒരിക്കലും തമ്മിൽ പൊരുത്തപ്പെടാത്ത രണ്ടു പ്രശ്നങ്ങളായിട്ടാണ് ആക്കും തോന്നുക. കാരണം, ലോകത്തിൽ ഒന്നുകിൽ വായകൾ അധികവും ഭക്ഷണം കുറച്ചുമാണ്. അല്ലെങ്കിൽ, നേരെ വിപരീതം—ഭക്ഷണം ധാരാളവും അതു തിന്നുതീക്കാനുള്ള ആളുകൾ ചുരുക്കവും.

എന്നാൽ സാമാന്യബുദ്ധി മുതലാളിത്തസമുദായത്തെ കൈവെടിഞ്ഞിട്ടു കാലം കുറേയായി. തമ്മിൽ പൊരുത്തമില്ലാത്ത ഇമ്മാതിരി രണ്ടു പ്രശ്നങ്ങൾ ഒരേസമയത്തു് ഒരേ മനസ്സിൽ കിടക്കുകയെന്ന സമ്പ്രദായം ഐക്യനാട്ടുകളിൽ വിരളമല്ല.

1951 മാച്ച് 31-ാംനു- അമേരിക്കയിലെ കൃഷികായ്യമന്ത്രി ബ്രെന്നൻ പറയുകയുണ്ടായി:

"നമ്മുടെ നാട്ടിൽ മാംസം, കോഴിമുട്ട, മററു ഡയറിയുല്പാദനങ്ങൾ തുടങ്ങിയ സാധനങ്ങളുടെ ഉപഭോഗം ക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങിവരികയാണ്. ചിലവുകഴിച്ചുള്ള മിച്ചം വദ്ധിച്ചുവരുന്നു."

അതാ, അവിടെയാണ് മുതലാളിത്തത്തിന്റെ 'ലോജിക്ക്'!

മിച്ചമുള്ള ഭക്ഷണം വിശന്നുപൊരിയുന്നവക്കു കൊടുക്കാതെ ഐക്യനാട്ടുകളിലെ ഗവമ്മേണ്ട് അവയൊക്കെ ശേഖരിച്ചു വില്പനസ്ഥലങ്ങളിൽക്കിടന്നു ദ്രവിക്കാൻ വിടുകയാണ്. ഗോതമ്പും

വളരെ കാലത്തോളം സൂക്ഷിക്കാൻ കഴിയുന്ന ഒന്നാണ്. എന്നാൽ മുട്ടകൾ, പാൽ, വെണ്ണ തുടങ്ങിയവ വേഗം കെട്ടുപോകും. പക്ഷേ അതൊന്നും ഗവമ്മേണ്ടിനെ തീരെ അലട്ടുന്നില്ലെന്നാണ് തോന്നുന്നത്. കാരണം, അവർ പലപ്പോഴും ഭക്ഷണസ്റ്റോക്കുകളെ കല്പിച്ചുകൂട്ടി നശിപ്പിക്കാറുണ്ട്. "അമേരിക്കൻകൃഷിഡിപ്പാർട്ട്മെൻറ് രണ്ടരകോടിമുതൽ നാലുകോടി പറകളോളം ഉരുളക്കിഴങ്ങിന്നു നീലച്ചായം കേറുന്ന പണിയിൽ മുഴുകിയിരിക്കയാണെന്നു ഫെബ്രുവരി 18-ാംനു-യിലെ 'ലണ്ടൻ ഇക്കോണോമിസ്റ്റ്" എന്ന പത്രം റിപ്പോർട്ടുചെയ്യുന്നു. അവ ഉപഭോഗത്തിന്നു കൊള്ളരുതാതാക്കുകയാണ് ഈ പണിയുടെ ഉദ്ദേശ്യം.

അതേ മാസത്തിൽത്തന്നെ, 6,25,00,000 ഡോളറുകൾ വിലകൊടുത്തു കൃഷിക്കാരിൽനിന്നു വാങ്ങിയ 5,00,00,000 പറ ഉരുളക്കിഴങ്ങ് അമേരിക്കൻഗവമ്മേണ്ട് നശിപ്പിക്കാൻപോവുകയാണെന്ന വാത്ത 'ന്യൂയോക്ക് ഹെറാൾഡ് ട്രിബ്യൂൺ' റിപ്പോർട്ടുചെയ്യുകയുണ്ടായി. ഇതേമാതിരിയുള്ള വേറെയും വിക്രിയകളിന്മേൽ 8മുതൽ 10വരെകോടി ഡോളറുകൾ ചിലവഴിക്കപ്പെട്ടിട്ടുണ്ട്. വാസ്തവത്തിൽ, "മിച്ചങ്ങൾ ഒഴിക്കാനുള്ള" ഒരു സമഗ്രമായ പ്ലാൻതന്നെ അമേരിക്കൻഗവമ്മേണ്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചു 400കോടി ഡോളറുകളുടെ ഒരു വമ്പിച്ച ചിലവിനത്തെയാണവർ നേരിടുന്നത്.

ഈ ലക്കില്ലാത്ത ധൂത്തിന്റെ ആവശ്യമെന്താണ്?

"മിച്ച"ഭക്ഷണം നശിപ്പിച്ച്, സാധനങ്ങളുടെ വില വളരെ ഉയന്ന നിരക്കിൽ നിലനിത്താനാണിതൊക്കെ.

ഞങ്ങളുടെ നാട്ടിൽ സാധനവില ഇടിയുന്ന ഓരോ സന്ദർഭവും വലിയ ആഹ്ലാദാഘോഷത്തിന്നുള്ള അവസരമാണ്. ബൂഷ്വാരാജ്യങ്ങളിൽ, നേരെ മറിച്ച്, വിലയിടിവു മുതലാളിമാരെ പരിഭ്രാന്തരാക്കുന്നു. സാധനവില ഊതിവീപ്പിച്ചു വളരെ ഉയന്ന നിരക്കിലെത്തിക്കാൻവേണ്ടി അവർ പണിപ്പെടുന്നു. തിച്ച

യായും ഈ 400കോടി ഡോളർ അമേരിക്കൻക്യാബിനററുമെമ്പർമാരുടെ കീശയിൽനിന്നു വന്നതല്ല. അതു നികുതികൊടുക്കുന്നവൻെറ—ഭക്ഷണത്തിന്നും പാലിന്നും മാംസത്തിന്നുംവേണ്ടി കൂടുതൽ കൂടുതൽ വിലകൊടുക്കേണ്ടിവരുന്ന സാധാരണക്കാരൻെറ—പക്കൽനിന്നെടുത്തതാണ്. ഒരുപിടി ഭക്ഷണക്കച്ചവടക്കാൎക്കു കൊള്ളലാഭവും, ഭൂരിപക്ഷക്കാരായ അമേരിക്കക്കാൎക്കു ദുരിതവും സൃഷ്ടിക്കുന്നൊരേൎപ്പാട്.

ഭക്ഷ്യോല്പാദനമാൎഗ്ഗങ്ങളെക്കാൾ വേഗത്തിൽ ജനസംഖ്യ വൎദ്ധിക്കുന്നതുകൊണ്ടു്, ഈ ഭൂമി ഇതിലധിവസിക്കുന്നതുവരെ മുഴുവൻ തീററിപ്പോററാൻ പൎയ്യാപ്തമല്ലെന്നു് അഭിനവമാൽത്തൂസിയൻകാർ സ്ഥാപിക്കുന്നു. അതേസമയത്തു്, വൻകിടമുതലാളികളും കച്ചവടക്കാരും ഭരണകൂടത്തിലുള്ള അവരുടെ ഏജൻറന്മാരും ഏററവും കമ്മിയായ ഈ ഭക്ഷണസ്റ്റോക്കുപോലും നശിപ്പിച്ചുകളയാനുള്ള പ്രവൎത്തനങ്ങളിൽ മുഴുകിയിരിക്കയാണു്!

ലോകത്തിൽ കൃഷിചെയ്യത്തക്ക ഭൂമി പോരെന്നവർ വാദിക്കുന്നു. അതേസമയത്തു്, ഇന്നു കൃഷിചെയ്യപ്പെടുന്ന ഭൂമിയുടെ തന്നെ വിസ്തീൎണ്ണം വെട്ടിച്ചുരുക്കപ്പെടുകയാണു്!

ഇതിന്നൊന്നും ഒരു വ്യാഖ്യാനവും വേണമെന്നില്ല. വസ്തുതകൾ സ്വയം സംസാരിക്കുന്നുണ്ടു്.

കോടിക്കണക്കിൽ ഉരുളക്കിഴങ്ങുകൾ തോന്നുംപോലെ നശിപ്പിച്ചുകളയുന്ന ഈ പാതകം സോഷ്യലിസത്തിന്നുകീഴിൽ നടക്കുമോ?

മണ്ണിനേയും അതുല്പാദിപ്പിക്കുന്ന വസ്തുക്കളേയും ഒരുപോലെ ശൂന്യമാക്കുന്നതു മുതലാളിത്തമാണു്.

മുതലാളിത്തത്തിൻെറ വക്കീലന്മാർ നമ്മോടു പറയുന്നു, ലോകത്തിൻെറ പട്ടിണിയവസാനിപ്പിക്കാൻ ആവശ്യത്തിലധികമുള്ള വായകളില്ലാതാക്കണമെന്നു്. എന്നാൽ പട്ടിണിക്കാൎക്കു തങ്ങൾ ആവശ്യത്തിലധികമാണെന്നു് ഒരിക്കലും തോന്നാറില്ല.

എന്നുമാത്രമല്ല, മുതലാളിത്തത്തെ നാമാവശേഷമാക്കിയാൽ പട്ടിണിയും നാമാവശേഷമാകുമെന്ന് അവർ അധികമധികം വ്യക്തമായി മനസ്സിലാക്കിവരികയാണ്.

വിശപ്പും പട്ടിണിയും ഒരിക്കലും അനിവാര്യമല്ല, തീർച്ച; സോഷ്യലിസത്തിൻെറ നാട്ടിൽ അവ അപരിചിതമാണ്. ശാസ്ത്രീയമായ രീതിയിൽ ഒരു പ്ലാനനുസരിച്ചു പ്രകൃതിയെ പുതുക്കിപ്പണിയാൻ എല്ലാ ജനങ്ങളും ഒത്തൊരുമിച്ചു മുന്നോട്ടിറങ്ങിയാൽ—ഭൂമിയുടെ യജമാനനാണ് താനെന്ന് അദ്ധ്വാനശീലനായ മനുഷ്യൻ ബോധപൂർവ്വം വിചാരിക്കാൻ തുടങ്ങിയാൽ—ഓരോ രാജ്യത്തുനിന്നും പട്ടിണി അപ്രത്യക്ഷമാവും.

നമ്മുടെ ഭൂമിയിലെ സമ്പത്ത് അളവററതാണ്

നമ്മെ തീററിപ്പോററാൻ ഈ ഭൂമി മതിയാവില്ലെന്നു വാദിക്കുന്ന അഭിനവമാൽത്തുസിയൻകാരുടെ പ്രിയപ്പെട്ട ഒരു സിദ്ധാന്തം, ഭൂമിയിൽ മനുഷ്യൻെറ ചൊല്പടിക്കു കീഴിലുള്ള പ്രകൃതിവിഭവങ്ങളെല്ലാം ഒഴിഞ്ഞുകഴിഞ്ഞിരിക്കുന്നുവെന്നതാണ്. അവർ സാധാരണ വിശപ്പിനെക്കുറിച്ചുമാത്രമല്ല, "കല്ക്കരി"വിശപ്പ്, "ഇരുമ്പ്"വിശപ്പ്, "മര"വിശപ്പ് എന്നിങ്ങിനെ എല്ലാത്തരം വിശപ്പുകളേയുംകുറിച്ചു നമുക്കു നോട്ടീസു തരുന്നുണ്ട്.

അമേരിക്കൻപ്രകൃതിവിഭവങ്ങളെ കൊള്ളയിടൽ ഏററവും വിപൽകരമായ ഒരു ഘട്ടത്തിലെത്തിയിട്ടുണ്ട്. കല്ക്കരി വേണ്ടതുപോലെ സംരക്ഷിക്കപ്പെടുന്നില്ല. ഏററവും മികച്ച കല്ക്കരിപ്രദേശങ്ങളിൽമാത്രമേ അവർ പ്രവർത്തിക്കുന്നുള്ളു. അതുതന്നെ, വമ്പിച്ച ആദായം നിലയ്ക്കാൻതുടങ്ങിയാൽ അവരുപേക്ഷിച്ചുപോകയായി.

എണ്ണയുടെ ഗതിയും തഥൈവ. ഓരോ ഓപ്പറേററവും മറേറവന്നു കിട്ടുന്നതു കുറയത്തക്കവണ്ണം തനിക്കു കഴിയുന്നിടത്തോളം പമ്പുചെയ്തെടുക്കുന്നു. ഈ സംരംഭത്തിൽ വളരെ എണ്ണ നഷ്ടപ്പെട്ടുപോകുന്നു. എണ്ണയുടെ വരവു നിലയ്ക്കാനുള്ള ലക്ഷണം

കണ്ടുതുടങ്ങിയാൽ ഉടനെ അവർ കിണറുകൾ ഉപേക്ഷിച്ചുപോരുകയായി. തൽഫലമായി കിട്ടാവുന്നേടത്തോളം മുഴുവനെണ്ണയും കിട്ടാതെപോകുന്നു.

ഭൂമിയിൽ അന്തഃർഭവിച്ചുകിടക്കുന്ന മററു സമ്പത്തുകൾ എടുക്കുന്നതിലും മുതലാളിത്തരാജ്യങ്ങളിൽ ഇതേ ദുരപിടിച്ച ഏർപ്പാടുകളാണുള്ളതു്. മുതലാളിത്തത്തിൻെറ ഈ പാപ്പരത്തം സാങ്കേതികശാസ്ത്രത്തിൻെറ പാപ്പരത്തമായിട്ടാണു് ബൂർഷ്വാസാമൂഹ്യശാസ്ത്രജ്ഞന്മാർ ചിത്രീകരിക്കുന്നതു്. മനുഷ്യരാശിക്കാവശ്യമായ കല്ക്കരി, ഇരുമ്പു്, എണ്ണ തുടങ്ങിയ വസ്തുക്കൾ തീരെ ഇല്ലാതാവാൻ ഇനിയെത്ര കാലം പിടിക്കുമെന്നു തിരക്കിട്ടു കണക്കുകൂട്ടുകയാണവർ. സാമ്പത്തികവിദഗ്ദ്ധന്മാരുടെ കാലടികൾ പിന്തുടന്നുകൊണ്ടു്, ശാസ്ത്രീയറൊമാൻസുകളെഴുതുന്ന ഗ്രന്ഥകാരന്മാർ വെളിച്ചവും ചൂടും മെഷീനുകളുമില്ലാത്ത ഒരു ലോകത്തെപ്പററിയുള്ള ബീഭത്സകഥകൾ എഴുതിത്തള്ളുകയാണു്.

പക്ഷേ, ഇക്കൂട്ടർ ഒന്നു മനസ്സിലാക്കണം: ആവശ്യമായത്ര ഉയന്ന നിരക്കിലുള്ള സാങ്കേതികപരിജ്ഞാനത്തിൻെറ സഹായത്തോടുകൂടി ഗ്രാനൈററ്പാറയിൽനിന്നു് ഇരുമ്പുണ്ടാക്കാൻ സാധിക്കും. സാമാന്യേന ദാരിദ്ര്യം ബാധിച്ച അയിരുകളെ സമൃദ്ധമാക്കാൻ സാധിക്കും. കോൺസൻട്രേഷൻ പ്ലാൻറുകൾ ഈ ആവശ്യത്തിന്നുവേണ്ടിയുള്ളതാണു്. സാങ്കേതികവൈദഗ്ദ്ധ്യത്തിൻെറ നിലവാരം എത്രകണ്ടുയന്നതാണോ, അത്രകണ്ടധികം ഇരുമ്പും ചെമ്പും തുത്തനാകവും മററു ലോഹങ്ങളും നമുക്കുണ്ടാക്കാൻ സാധിക്കും. കാരണം, ഇവയെല്ലാം താരതമ്യേന ശൂന്യമായ ഡെപ്പോസിററുകളിൽനിന്നു് ഉൽപാദിപ്പിക്കാൻ കഴിയുന്നതാണു്. ലോഹം ഊററിയെടുക്കാൻ സാധിക്കാത്ത അയിരുകളെ 'ചതിയൻ അയിരു്' (ബ്ളെൻഡ്) എന്നു വിളിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാലിപ്പോൾ 'ബ്ളെൻഡ്' വ്യാവസായികാവശ്യങ്ങൾക്കു ധാരാളമായി ഉപയോഗിക്കപ്പെ

ട്ടുന്നുണ്ട്. അതിനിമേൽ മനുഷ്യനെ ചതിക്കില്ല. കളിമണ്ണിൽ അലുമിനിയം ധാരാളം അടങ്ങിയിട്ടുണ്ട്. ഭൂമിയുടെ ഉപരിതലത്തിൽ ഭാവിലോഹങ്ങളായ മാഗ്നീഷ്യവും ബെറിലീയവും ഗണ്യമായ തോതിലടങ്ങിയിട്ടുണ്ട്. പണ്ടുകാലത്തു നൈട്രജൻ കിട്ടാനുള്ള ഏകമാർഗ്ഗം ചില്ലി സാൽട്ട് പീറററിൻെറ ഡിപ്പോസിററുകളാണെന്നാണ് വിശ്വസിക്കപ്പെട്ടിരുന്നതു്. അതുകൊണ്ടു് ആ ഡെപ്പോസിററുകൾ ഒഴിഞ്ഞാൽ മനുഷ്യൻ പട്ടിണികിടക്കേണ്ടിവരുമെന്നു ശാസ്ത്രജ്ഞന്മാർ പ്രവചിച്ചു. എന്നാലിപ്പോൾ വളമുണ്ടാക്കാനാവശ്യമായ നൈട്രജൻ ഒരു പ്രത്യേകത്തോതുവരെ കൃത്യമായി വായുവിൽനിന്നും ശേഖരിച്ചുവരുന്നുണ്ട്. രണ്ടാംതരം വിറകായ പുൽമൺകട്ടയും തവിട്ടുകല്ക്കരിയും ഉപയോഗിക്കുന്നപക്ഷം ഒന്നാംതരം വിറകായ കൽക്കരിയും എണ്ണയും കരുതിവെയ്ക്കാം. കെട്ടിനില്ക്കുന്ന വെള്ളത്തിൻെറ അടിയിലൂറുന്ന ചളിക്കട്ടപോലും പ്രയോജനകരമാക്കിത്തീർക്കാവുന്ന ഒന്നാണ്. അതു വററിച്ച് ആവിയാക്കി മോട്ടോർപെട്രോളുണ്ടാക്കാം.

ഇരുമ്പു തുരുമ്പു പിടിച്ചും തേഞ്ഞും നശിക്കുന്നതുകൊണ്ടാണ് അധികമധികം ഇരുമ്പു കുഴിച്ചെടുക്കേണ്ടിവരുന്നതു്. എന്നാൽ ഈ തേമാനത്തിൻെറ വേഗം കുറയ്ക്കാവുന്നതാണ്. വെള്ളത്തിൻെറ പരിണാമചക്രത്തെയെന്നപോലെ ഇരുമ്പിൻെറ ഈ പരിണാമചക്രത്തേയും നമുക്കു മന്ദീഭവിപ്പിക്കാം. കറയില്ലാത്ത കാരിരുമ്പ് ഈ വഴിക്കു നമുക്കു പ്രവർത്തിക്കാൻ കഴിയുമെന്നതിൻെറ നല്ലൊരുദാഹരണമാണ്.

നമ്മുടെ മണ്ണിലെ സമ്പത്തു് അളവററതാണ്. ഒന്നുമാത്രം —നമുക്കതിനെ വിലമതിക്കാനും സൂക്ഷിക്കാനും അറിയണം. ഈ സമ്പത്തു കൽക്കരിയിലും ഇരുമ്പിലും എണ്ണയിലും മാത്രമല്ല, പൂഴിമണ്ണിലും കളിമണ്ണിലും വെള്ളത്തിലും വായുവിലും സൂര്യപ്രകാശത്തിലും—നമുക്കു ചുററുമുള്ള എല്ലാററിലും—അടങ്ങിയി

രിക്കുന്നു. ഇവയെ വേണ്ടുംവണ്ണം ഉപയോഗിക്കുവാൻ നാം പഠിക്കുന്തോറും ഇവ അധികമധികം വിലപിടിച്ചതായിത്തീരുന്നു.

പൈതൃകമായ പാരമ്പര്യങ്ങളെ കളഞ്ഞുകുളിക്കുന്നവരുടെ കൈയിൽ അളവററ സമ്പത്തുപോലും ശൂന്യമായിത്തീരുന്നു. എന്നാൽ കരുതലും സൂക്ഷ്മതയുമുള്ള കൈകളിൽ ചളിയും മണ്ണും സമ്പത്തായി മാറുന്നതാണ്.

## ഭൂമിയെ എങ്ങിനെ പുതുക്കാം?

ലോകത്തൊരിടത്തും മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യാത്ത ഒരു കാലം വന്നുചേരും. പട്ടിണിക്കും വിശപ്പിന്നും ഒരറുതി വരുത്താൻ ജനതയെ അനുവദിക്കാതെ യുദ്ധം കുത്തിപ്പൊന്തിക്കുന്ന ആശയങ്ങൾ എന്നെന്നേയ്ക്കുമായി നാമാവശേഷമാകുന്ന ഒരു കാലം വന്നുചേരും.

മുതലാളിത്തത്തിൽനിന്നു രക്ഷ നേടിക്കഴിഞ്ഞാൽ പിന്നെ ശാസ്ത്രീയമായ പ്ലാനനുസരിച്ച ഭൂമിയെ പുതുക്കിപ്പണിയുന്ന പണി ജനങ്ങൾ എളുപ്പത്തിൽ നിർവ്വഹിക്കും.

മനുഷ്യൻ, മിതവ്യയശീലനായ യജമാനൻെറ സൂക്ഷ്മതയുള്ള കണ്ണുകളോടെ, വൻകരകളും മഹാസമുദ്രങ്ങളും പർവ്വതങ്ങളും സമനിലങ്ങളുമെല്ലാം പരിശോധിച്ച് എന്തെല്ലാം വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടെന്നു തീരുമാനിക്കും.

അവൻ, വസ്തുവിൻേറയും പ്രവർത്തനശക്തിയുടേയും, വെള്ളത്തിൻേറയും കൽക്കരിയുടേയും, എണ്ണയുടേയും ലോഹത്തിൻേറയും ഒരു ബാലൻസ്ഷീററ് തയ്യാറാക്കും. അവൻ ആദ്യമായിത്തന്നെ, സൂര്യൻ താഴോട്ട്—നമ്മുടെ ഭൂമിയിലേയ്ക്ക്—അയച്ചുതരുന്ന സൂര്യപ്രകാശം, വെളിച്ചം, ചൂട് എന്നിവയെ ധൂർത്തടിക്കുന്നതു തടയുന്നതിൽ മനസ്സിരുത്തും.

ഭൂമി ഒരൊന്നാന്തരം സ്വീകരണപാത്രമാണ്. ഇതിന്മേൽ വളരുന്ന എല്ലാ പച്ചച്ചെടികളും സൂര്യപ്രകാശത്തെ സ്വീകരി

ച്ച്, ഇലകളിലും കൊമ്പുകളിലും മരത്തടികളിലും പഴങ്ങളിലും ധാന്യങ്ങളിലും ഒരു നിശ്ചിതതോതിലടങ്ങിയിട്ടുള്ള രാസശക്തിയാക്കി മാററുന്നു.

എന്നാൽ സൂര്യനിൽനിന്നു കിട്ടുന്ന ഈ പ്രവത്തനശക്തിയെ ചെടികൾമാത്രമല്ല വാററിയെടുക്കുന്നുള്ളു. നമ്മുടെ കാൽച്ചുവട്ടിലുള്ള മണ്ണിനെ ചൂടുപിടിപ്പിക്കുന്നതും ആ പ്രവത്തനശക്തിയാണ്. കടലിലെ കറൻറുകളേയും, ഭൂമിക്കുപരി, വായുവിലെ കറൻറുകളേയും ചലിപ്പിക്കുന്നതതാണ്.

വെള്ളത്തെ ആവിയാക്കി പരിവത്തനംചെയ്തുകൊണ്ടു സൂര്യരശ്മികൾ കൊല്ലത്തിൽ 3,80,000ക്യൂബിക്ക് കിലോമീററർ—അതായതു ബൈക്കാൾതടാകങ്ങളിലുള്ളതിൻെറ 8 ഇരട്ടി—വെള്ളത്തെ മേലോട്ടുയത്തുന്നുണ്ട്.

മനുഷ്യനിമ്മിതമായ എല്ലാ വൈദ്യുതസ്ഥാപനങ്ങളും മററു ഉല്പാദനയന്ത്രങ്ങളും കൂടിയാൽപ്പോലും, സൂര്യനിൽനിന്നു നമുക്കു കിട്ടുന്നതിൻെറ 1,00,000 ലക്ഷത്തിലൊരു ഭാഗം പ്രവത്തനശക്തിമാത്രമേ സൃഷ്ടിക്കുന്നുള്ളു.

ഈ ഔദാര്യത്തിൻെറ എത്രഭാഗം കണ്ടു നാം ഉപയോഗപ്പെടുത്തുന്നുണ്ട്?

ഇലകളിൽ വീഴുന്ന സൂര്യപ്രകാശത്തിൻെറ ഒന്നോ രണ്ടോ ശതമാനത്തെമാത്രമേ ചെടികൾ രാസശക്തിയാക്കി മാററുന്നുള്ളു. ഭൂമിയുടെ ഉപരിതലത്തിൻെറ 10%ഭാഗത്തുമാത്രമേ നാം കൃഷിചെയ്യുന്നുള്ളു.

മറെറാരുതരത്തിൽ പറഞ്ഞാൽ, ഭൂമിയെ സമീപിക്കുന്ന സൂര്യപ്രകാശത്തിൻെറ 0·1 ഓ, 0·2 ഓ ഭാഗം (പത്തോ ഇരുപതോ ശതമാനം)മാത്രമേ ചെടികൾ ശേഖരിക്കുന്നുള്ളു.

കാഷികനിലങ്ങൾ വിപുലീകരിക്കുകയും വിളവു വദ്ധിപ്പിക്കുകയും ചെയ്താൽ മനുഷ്യന് ഈ അതിത്തിയെ ലംഘിച്ചു ചെ

ടികളെക്കൊണ്ടു മനുഷ്യോപയോഗത്തിന്നായി അധികമധികം സൂര്യപ്രകാശം ശേഖരിപ്പിക്കാം.

മാത്രമല്ല, സൂര്യപ്രകാശത്തെ വിഴുങ്ങുന്ന മറെറാരു വസ്തുവായ വെള്ളത്തിൻെറ പ്രവൎത്തനത്തിലും അവന്നു് അധികാരപൂൎവ്വം ഇടപെടാം.

ഒരത്ഭുതമോട്ടോർപോലെ, സൂര്യൻ വെള്ളത്തെ സമുദ്രത്തിൽനിന്നു കരയിലേക്കും വീണ്ടും സമുദ്രത്തിലേക്കും ഒരു പരിണാമചക്രത്തിൽ നയിച്ചുകൊണ്ടിരിക്കുന്നു.

ഇവിടേയും ദുരുപയോഗപ്പെടുന്നതു കൂടാതെകഴിക്കാൻ ഈ ചലനചക്രത്തിൻെറ പ്രവൎത്തനത്തെ ഒരതിൎത്തിവരെ നിയന്ത്രിക്കാവുന്നതാണു്.

മനുഷ്യൻെറ ഉപയോഗത്തിന്നുവേണ്ടി കഴിയുന്നതെല്ലാം ചെയ്തുകഴിഞ്ഞല്ലാതെ സമുദ്രത്തിലേക്കു തിരിച്ചെത്താൻ വെള്ളത്തെ അനുവദിക്കരുതു്. ആഫ്രിക്കയിലെ നദികളുടെ ഒഴുക്കിൻെറ ഗതി മാററുന്നപക്ഷം ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ വീഴുന്ന നീരാവികൊണ്ടു സഹാറാ, കലാഹരി തുടങ്ങിയ മരുഭൂമികൾ കൃഷിചെയ്യാവുന്നതാണു്.

പലപ്പോഴും ചില കൊല്ലങ്ങളിൽ തുടച്ചയായുണ്ടാവുന്ന വരൾച്ചകാരണം ആസ്ത്രേലിയയിൽ വളരെ വിഷമം നേരിടുന്നുണ്ടു്. എന്നാലവിടെ ഭൂമിക്കടിയിൽ ധാരാളം വെള്ളമുണ്ടു്. അവ സംഭരിക്കാൻ പററിയ കിണറുകൾമാത്രമേ വേണ്ടതുള്ളു.

ഇന്ത്യയിൽ, വിളവു മഴയെ ആശ്രയിച്ചിരിക്കുന്നു. മഴയില്ലാത്ത കൊല്ലങ്ങളിൽ നാട്ടിൽ ക്ഷാമമുണ്ടാകും. എന്നാൽ ഹിമാലയത്തിൽനിന്നു ദ്രുതഗതിയിൽ കീഴോട്ടോടിവരുന്ന നദികളെ ഉപയോഗപ്പെടുത്തുന്നപക്ഷം ഇന്ത്യക്കു് ഈ വിഷമത കൂടാതെകഴിക്കാവുന്നതാണു്.

വെള്ളത്തെക്കൊണ്ടു് അതു് ഇന്നു ചെയ്യുന്നതിലുമിരട്ടി പണിയെടുപ്പിക്കണം.

ഇന്ത്യയിൽ സാമ്പത്തികാവശ്യങ്ങൾക്കായി ആകെ ഉപയോഗപ്പെട്ടുത്തിവരുന്ന ശക്തിയുടെ 70%വും മനുഷ്യരുടേയും മൃഗങ്ങളുടേയും മാംസപേശികളുടെ ശക്തിമാത്രമാണ്. ജലശക്തിയുടെ കഴിവുകൾ അടങ്ങുകിടക്കുകയാണ്.

നയാഗ്രാവെള്ളച്ചാട്ടത്തിൽനിന്നു മനുഷ്യന്നു കിട്ടുന്ന ജലശക്തി 15 ലക്ഷം കിലോവാററുകളാണ്. ഇതു് 50 ലക്ഷം കിലോവാററുകളാക്കി വദ്ധിപ്പിക്കാവുന്നതാണ്. ആഫ്രിക്കയിലെ മഹാനദികൾ കുററൻമേടകളിന്മേലൂടെയാണൊഴുകിവരുന്നതു്. അവ വഴിയിൽ ചെറിയ നീർച്ചാട്ടങ്ങളും വലിയ വെള്ളച്ചാട്ടങ്ങളും സൃഷ്ടിക്കുന്നുണ്ടു്. ഈ നദികളെക്കൊണ്ടു മനുഷ്യന്നുവേണ്ടി പ്രവത്തിപ്പിക്കാം.

എന്നാൽ നദികൾ ജലശക്തിക്കും ജലസേചനത്തിന്നും മാത്രമല്ല ഉപയോഗപ്പെടുന്നുള്ളു; അവ ഒന്നാംതരം ഗതാഗതമാർഗ്ഗങ്ങളാണ്. ആഫ്രിക്കൻനദികളിലെ നീരൊഴുക്കുകൾ ആജ്ഞാനുസരിപ്പെടുത്തുന്നപക്ഷം, ഇന്നു മനുഷ്യരുടേയും ഒട്ടകങ്ങളുടേയും പുറത്തു കയററിക്കൊണ്ടുപോകുന്ന കണക്കില്ലാത്ത ഭാരങ്ങൾ കൊണ്ടുപോകാനുതകുന്ന ഒന്നാംതരം ജലമാർഗ്ഗങ്ങളുണ്ടാക്കിത്തീക്കാം.

ആഫ്രിക്കയിൽ വടക്കേ അമേരിക്കയിലുള്ളതിൻെറ ഇരട്ടി ജലശക്തികേന്ദ്രങ്ങളുണ്ടു്. അവിടെ യൂറോപ്പിൻെറ ഒന്നര ഇരട്ടി വിസ്താരത്തിൽ കൃഷിക്കു പററുന്ന ഭൂമി ഉപയോഗശ്രൂന്യമായിക്കിടക്കുകയാണ്. അവിടുത്തെ മണ്ണിന്നടിയിൽ അളവററ ധാതുസമ്പത്തുക്കൾ ഒളിഞ്ഞുകിടപ്പുണ്ടു്. എന്നിട്ടും, വോഗ്ററും അയാളെപ്പോലുള്ളവരും ആഫ്രിക്കയെ 'മരിക്കുന്ന നാടെ'ന്നു വിളിക്കുന്നു! ലോകത്തിലെ ഇതരരാജ്യങ്ങളെ അപേക്ഷിച്ച്, അവിടെ ആപൽക്കരമായ ജനസംഖ്യയുണ്ടെന്നു വാദിക്കുന്നു! വോഗ്ററിൻെറ ആശ ഒട്ടിനില്ക്കുന്നതു വിഷഈച്ചകളിന്മേലും ഉറക്കുദീനത്തിന്മേലുമാണ്. ഉദാഹരണത്തിന്നു്, അയാളെഴുതുന്നു:

"മററു പ്രദേശങ്ങളെ അപേക്ഷിച്ച് ടാങ്കനീകാപ്രദേശത്തിന്നു രണ്ടു ഗുണങ്ങളുണ്ടു്: ചുരുങ്ങിയ ജനസംഖ്യയും ഉറക്കദീനവും." ശുചീകരണവിദഗ്ദ്ധന്മാരും കീടശാസ്ത്രക്കാരും ഡോക്ടർമാരുംകൂടി, ഡി. ഡി. ടി. പൌഡർകൊണ്ടോ മററു വല്ല കീടവിനാശിനികൾകൊണ്ടോ വിഷഈച്ചകളെ നശിപ്പിക്കാനുള്ള ഒരു പദ്ധതിയും കൊണ്ടിറങ്ങിയാലോ എന്നയാൾ ഭയപ്പെടുന്നു!

വോഗ്ററിന്നു രുചിച്ചാലും ഇല്ലെങ്കിലും, പ്രകൃതിയെ പുതുക്കിപ്പണിയുന്ന ഒരു ഭാവിയിൽ വിഷഈച്ചകൾ ഒന്നോടെ തുടച്ചുനീക്കപ്പെടും. അതുപോലെത്തന്നെ, ആഫ്രിക്കയിലെ ഉറക്കദീനവും ഇന്ത്യയിലേയും തെക്കേ അമേരിക്കയിലേയും മലമ്പനിയും നാമാവശേഷമാക്കപ്പെടും.

ഇതൊരിക്കലും ആവശ്യത്തിലധികം ജനസംഖ്യക്കു വഴി തെളിയിക്കുകയുമില്ല. കാരണം, അവിടങ്ങളിൽ അതോടൊന്നിച്ച് നൂറുകണക്കിലും ആയിരക്കണക്കിലും കൂടുതൽ ചതുരശ്രകിലോമീററുകൾ കൃഷിചെയ്യപ്പെടും. ഇനിയും കോടിക്കണക്കിലുള്ള ജനങ്ങൾക്കുകൂടി ജീവിക്കാനുള്ള സാഹചര്യങ്ങൾ അങ്ങിനെ വന്നുചേരും.

നമ്മൾ മിസ്റ്റർ വില്യം വോഗ്ററിന്നു കണക്കിലേറെ സ്ഥലമനുവദിച്ചുകൊടുക്കുകയാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്നു 'ഭ്രാന്തലോകത്തിൽ നിർമ്മിച്ചതു്' എന്ന ഒരു ലേബലിന്റെ കുറവുമാത്രമേയുള്ളുവെന്നു വ്യക്തമാണ്. ഏതായാലും വിഷഈച്ചകൾ മനുഷ്യരാശിക്കൊരനുഗ്രഹമാണെന്നും മലങ്കൊതുക്കൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്നും ന്യായമായി സമർത്ഥിക്കാനൊരുമ്പെടുന്ന ഇത്തരമൊരു ഗ്രന്ഥം മുതലാളിത്തഭ്രാന്തിന്റേതായ ഒരു നാട്ടിൽമാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടു.

ചതുപ്പുനിലങ്ങൾ വററിക്കപ്പെടുന്നതോടെ മലങ്കൊതുക്കൾ നശിക്കും.

വെള്ളത്തിന്നു പഞ്ഞമുള്ള പ്രദേശങ്ങളിൽ നദികളിലേക്കു

ള്ള വെള്ളത്തിൻെറ ഗതിവേഗം നിയന്ത്രിക്കപ്പെട്ടും. സോവിയററുയൂണിയനിലെ വരണ്ട സ്റ്റെപ്പികളിൽ നടക്കുന്നതതാണ്.

തൽഫലമായി സ്റ്റെപ്പിയിൽ കുറച്ചുകൂടി നനവുള്ള ഒരു കാലാവസ്ഥയുണ്ടാവും. വയലുകൾക്കു കൂടുതൽ വെള്ളം കിട്ടും. അങ്ങിനെ വരൾച്ച അവസാനിക്കും.

നദികൾ ഉണങ്ങിക്കഴിഞ്ഞാൽപ്പിന്നെ അവയിൽ തണുപ്പുകാലത്തു പട്ടണങ്ങളെ മുക്കത്തക്കവിധം വെള്ളം കേറില്ല. വേനലിൽ ധാരാളം വെള്ളമുണ്ടാവുകയും ചെയ്യും.

വെള്ളത്തിൻെറ പരിണാമചക്രത്തെ ഇപ്രകാരം നിയന്ത്രിക്കാൻ സാധിച്ചാൽ, ഫോസ്ഫറസ്, പൊട്ടാസിയം, കാൽസിയം തുടങ്ങി, മണ്ണിൻെറ ഫലഭൂയിഷ്ഠതക്കു അത്യന്താപേക്ഷിതമായ ധാതുക്കളുടെ പരിണാമചക്രത്തേയും മനുഷ്യന്നു നിയന്ത്രിക്കാൻ കഴിയും.

ഓരോ കൊല്ലത്തിലും നൂറുകോടിക്കണക്കിൽ ടൺ വീതം മണ്ണു സമുദ്രത്തിലേയ്ക്കൊഴുകിച്ചേരുന്നുണ്ട്. കടലിലേയ്ക്കു പോകുന്നതെന്തോ, അതു മനുഷ്യന്നു നഷ്ടപ്പെട്ടുകയാണ്. വെള്ളം അധികം താമസിയാതെ ഭൂമിയിലേയ്ക്കുതന്നെ മടങ്ങിയെത്തും. പക്ഷേ അതിൻെറ കൂടെ വയലുകളിൽനിന്നു് അടിഞ്ഞുപോകുന്ന വളങ്ങൾക്കു വളരെ കോടി കൊല്ലങ്ങളോളം മണ്ണിൽവെച്ചു നടക്കുന്ന ധാതുപരിണാമചക്രത്തിൽ ചേരാൻ തരപ്പെടില്ല. കടൽ കടലല്ലാതാവുന്ന കാലത്തുമാത്രമേ അവ തിരിച്ചുവരികയുള്ളൂ.

അതുകൊണ്ടു്, സൂര്യൻ സൃഷ്ടിക്കുന്ന വെള്ളത്തിൻെറ പരിണാമചക്രത്തെ നിയന്ത്രിക്കാനും അങ്ങിനെ മണ്ണിനെ കൊള്ളയടിച്ചു ശൂന്യമാക്കിവിടുന്ന മുതലാളിത്തസമ്പ്രദായത്തെ നിർത്തൽ ചെയ്യാനും നമുക്കു സാധിക്കുന്നപക്ഷം, മനുഷ്യരാശി കൂടുതൽ സമ്പൽസമൃദ്ധമായിത്തീരും.

മനുഷ്യൻ പ്രവർത്തനശക്തിയുടെ ബാലൻസ്ഷീററ് തയ്യാറാക്കുന്ന അവസരത്തിൽ, സൂര്യോഷ്ണത്തിൻെറ നല്ലൊരോഹരി

വായുവിലെ കറൻറുകളിൽ ചിലവഴിക്കാൻ പ്രത്യേകം മനസ്സിരുത്തും. മദ്ധ്യരേഖാപ്രദേശങ്ങളിൽനിന്നു ചൂടുപിടിച്ച വായു മേൽഭാഗത്തുകൂടെയുള്ള ഒരു പ്രവാഹംവഴിയായി ധ്രുവങ്ങളിലേയ്ക്കൊഴുകുന്നുണ്ടു്. അതിന്നു നേരേ വിപരീതമായി, കീഴ്ഭാഗത്തുകൂടെ ധ്രുവങ്ങളിൽനിന്നു മദ്ധ്യരേഖയിലേയ്ക്കു തണുത്ത കാററും ഒഴുകുന്നു. കാററിൻെറ സഹായത്തോടുകൂടി മണിക്കൂറിൽ ശതകോടിക്കണക്കിൽ കിലോവാററുകൾ പ്രവൎത്തനശക്തിയെ സൃഷ്ടിക്കാൻ കഴിയുമെങ്കിലും, മേല്പറഞ്ഞ സാഹചര്യങ്ങൾ നമ്മളിതേവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

ഭൂമി സൂൎയ്യനിൽനിന്നുള്ള പ്രവൎത്തനശക്തിയെ സ്വീകരിക്കുകമാത്രമല്ല, സംഭരിച്ചു സൂക്ഷിക്കുകകൂടി ചെയ്യുന്നു. പുൽമൺകട്ട (Peat), എണ്ണ, തവിട്ടുകല്ക്കരി, ആന്ത്രസൈററ് തുടങ്ങിയ നമ്മുടെ സൂക്ഷിപ്പുകൾ ഇങ്ങിനെ പ്രകൃതി സ്വയം പിടിച്ചെടുത്തു സൂക്ഷിച്ച സൂൎയ്യപ്രകാശമല്ലാതെ മറെറാന്നുമല്ല. മനുഷ്യർ കൊല്ലംതോറും ഈ സ്റ്റോക്കിൽനിന്നു 150 കോടി ടൺ കല്ക്കരിയും 30 കോടി ടൺ എണ്ണയും കത്തിച്ചുകളയുകയാണു്. ഇതിൽനിന്നു 500 കോടി ടൺ കാർബൺഡയോക്സൈഡ് ഉണ്ടാകുന്നുണ്ടു്. ഇതൊക്കെ എവിടേയ്ക്കാണു് പോവുന്നതു്? ചെടികളുടെ ഇലകൾ ഒരു ഭാഗം വലിച്ചെടുക്കും. എന്നിട്ടവ, സൂൎയ്യരശ്മികളുടെ സഹായത്തോടുകൂടി, അതിനെ രണ്ടു വ്യത്യസ്തവാതകങ്ങളായി വേർതിരിക്കുന്നു. കാടുകൾ പരമാൎത്ഥത്തിൽ കല്ക്കരി ഫാക്ടറികളാണു്. ഓരോ ചതുരശ്രകിലോമീററർ കാട്ടുപ്രദേശവും കൊല്ലന്തോറും 60 ടൺ കല്ക്കരി ഉല്പാദിപ്പിക്കുന്നു.

പക്ഷേ കാർബൺഡയോക്സൈഡിൻെറ സിംഹഭാഗവും നമുക്കു കിട്ടാതെ നഷ്ടപ്പെടുകയാണു്. അതു കൽച്ചുണ്ണാമ്പു കലൎന്നൊഴുകുന്ന വെള്ളത്തിൽ അലിഞ്ഞുചേൎന്നു കാൽസിയംകാർബണൈററായി കടലിലേയ്ക്കൊലിച്ചുപോവുന്നു.

പുതിയ പ്രദേശങ്ങൾ കൃഷിചെയ്യുക; കാടുകൾ നട്ടുവള

 No. 11586

ത്തുക; അങ്ങിനെ കൂടുതൽ സൂര്യപ്രകാശവും കാർബൺഡയോക്സൈഡും വലിച്ചെടുക്കാൻ ചെടികൾക്ക് അവസരം കൊടുക്കുക—എന്നാൽ ഇന്നു കടലിൽ പോയടിയുന്ന നിരവധി കോടി ടൺ കസ്തൂരി നശിക്കാതെ സൂക്ഷിക്കാൻ കഴിയും.

KOTTAYAM PUBLIC ... KOTTAYAM.

അമേരിക്കൻഭരണാധിപന്മാർ ഇന്ന് ആററംബോമ്പുണ്ടാക്കാൻ ചിലവിടുന്നതിന്റെ പകുതി പണവും ശ്രദ്ധയും ഉപയോഗിച്ചിരുന്നുവെങ്കിൽ ഇക്കാലംകൊണ്ടു പരിഹരിക്കപ്പെട്ടുമായിരുന്ന മറെറാരു വലിയ പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നുണ്ട്.

ഞാൻ സൂചിപ്പിക്കുന്നതു സൂര്യപ്രകാശം കാർബൺഡയോക്സൈഡിനെ വിലയിപ്പിക്കുന്നതിനെപ്പററിയാണ്—അതായത്, കൃത്രിമതേജസ്സങ്കലനത്തെപ്പററിയാണ്.

കൃത്രിതേജസ്സങ്കലനസ്ഥാപനങ്ങൾ പണിയുന്നപക്ഷം കാർബൺഡയോക്സൈഡ് ശേഖരിക്കാം. അതിൽനിന്നു പഞ്ചസാരയുടെ രൂപത്തിൽ കാർബൺ തിരിയെസ്സമ്പാദിക്കാം.

തേജസ്സങ്കലനസ്ഥാപനങ്ങൾ (Photosynthesis Installations) കൃഷി മിക്കവാറും അസാദ്ധ്യമായ പ്രദേശങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

ധ്രുവപ്രദേശങ്ങളിൽ മദ്ധ്യരേഖയിലേക്കാൾ കുറച്ചു സൂര്യോഷ്ണംമാത്രമേ കിട്ടുന്നുള്ളുവെന്നാണ് നമ്മുടെ ധാരണ. എന്നാൽ ഏററവും ദീർഘമായ വേനൽദിവസത്തിൽ ധ്രുവങ്ങളിൽ മദ്ധ്യരേഖയിലേക്കാൾ 36% കൂടുതൽ സൂര്യോഷ്ണം കിട്ടുന്നുണ്ടെന്നു കണക്കുകൾ പറയുന്നു. എന്നിട്ടും, ധ്രുവപ്രദേശങ്ങൾ കൂടുതൽ ശൈത്യമുള്ളവയാണെങ്കിൽ അതിന്നു കാരണം അവിടുത്തെ ഹിമമാണ്. ഹിമം സൂര്യരശ്മികളുടെ വലിയൊരു ഭാഗത്തെ പിന്നോട്ടടിക്കുകയേ ഉള്ളു. നേരെമറിച്ച്, മദ്ധ്യരേഖാപ്രദേശങ്ങളിൽ സൂര്യോഷ്ണത്തെ ഇലകളും മണ്ണും വെള്ളവും വലിച്ചെടുക്കും.

തേജസ്സങ്കലനസ്ഥാപനങ്ങൾ പണിതു ധ്രുവപ്രദേശങ്ങളെ ചെടികളില്ലാത്ത ഒരുതരം കൃഷിഭൂമിയാക്കി മാററുന്നപക്ഷം, നമുക്കു റബ്ബർ, പ്ലാസ്റ്റിക്സ്, തുണിത്തരങ്ങൾ മുതലായവയ്ക്കാവശ്യമായ സഹായകസാധനങ്ങളും അസംസ്കൃതപദാർത്ഥങ്ങളും ഗണ്യമായ തോതിൽ അവിടെനിന്നു കിട്ടും. വേനല്ക്കാലത്തു ദക്ഷിണധ്രുവപ്രദേശങ്ങളിൽ എതാണ്ടു രാത്രിയായിരിക്കുമ്പോൾ ഉത്തരധ്രുവപ്രദേങ്ങളിലെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കണം. പിന്നീടു തണുപ്പുകാലത്തു ദക്ഷിണധ്രുവപ്രദേശങ്ങളിലെ ഫാക്ടറികളും പ്രവർത്തിക്കാൻ തുടങ്ങണം.

ഇതിൻഫലമായി ഇന്നു ജന്തുവിഹീനമായിക്കരുതപ്പെടുന്ന പ്രദേശങ്ങളിൽ നൂറുകണക്കിൽ മനുഷ്യർക്കു ജീവിക്കാൻ പററിയ സാഹചര്യങ്ങൾ സൃഷ്ടിക്കാം.

ഭൂമി ശക്തിയുടെ (എനർജിയുടെ) ഒരു സ്വീകരണപാത്രവും ശേഖരണപാത്രവുമാണെന്നു ഞാൻ മുമ്പു പറകയുണ്ടായി. അതു ശക്തിയുടെ ജന്മഭൂമികൂടിയാണ്.

ഭൂമിയുടെ മുകൾപ്പരപ്പു സൂര്യനിൽനിന്നു കിട്ടുന്നതിൻെറ 5000 ത്തിലൊരു ഭാഗം ശക്തിമാത്രമേ സ്വന്തം അന്തർഭാഗത്തുനിന്ന് എടുക്കുന്നുള്ളു. എന്നാൽ ഉള്ളിൽനിന്നു വരുന്ന ഈ ശക്തിതന്നെ, ലോകത്തിൽവെച്ചേററവും മികച്ച വൈദ്യുതസ്ഥാപനത്തിന്നു ഉല്പാദിപ്പിക്കാൻ കഴിയുന്നതിൻെറ 50,000 ഇരട്ടിയാണ്. നമ്മൾ 20ഓ 30ഓ കിലോമീററർ ആഴത്തിൽ ഒരു കിണർ കുഴിച്ചുവെന്നിരിക്കട്ടെ. എന്നാൽ നാം 500°c ചൂടുള്ള ഒരു പാറവിതാനത്തിലെത്തും. അമ്മാതിരിയൊരു കിണറിലേക്കു വെള്ളമൊഴുക്കാൻ കഴിയുന്നപക്ഷം ഭൂമി ഒരു പടുക്കൂററൻ ആവിയന്ത്രമായി മാറും.

ഭൂമിയുടെ അന്തർഭാഗത്തുള്ള ഉഷ്ണം ഭൂമിയുടെ ഉപരിതലത്തിലേക്കു പൊന്തിവരുന്നപക്ഷം അതു ഗ്രീൻലാൻഡിലേയും അൻറാട്ടിക്കിലേയും ഹിമക്കട്ടകളെ മുഴുവനും ഉരുക്കിക്കളയും. ഹിമ

യുഗാമൃതല്ലം ഭൂമിയുടെ ഉപരിതലത്തിലെ വിസ്തൃതമായ പ്രദേശങ്ങളെ മൂടിക്കിടക്കുന്ന അനശ്വരമായ മഞ്ഞു മുഴുവൻ ഉരുകിത്തീരും. അപ്പോൾ അനശ്വരമായ മഞ്ഞ് അനശ്വരമല്ലാതാവും.

എന്നാൽ ഭൂമിയെ സൃഷ്ടിച്ച പരമാണുക്കളുടെ ബീജത്തിലടങ്ങിയ നിസ്തുലമായ ശക്തിയെ അപേക്ഷിച്ച് ഭൂമിയുടെ ഈ ആന്തരികോഷ്ണം വളരെ നിസ്സാരമാണ്.

## അറ്റോമിക്ക്ശക്തി സമാധാനപരമായ ആവശ്യങ്ങൾക്കവേണ്ടി പ്രയോജനപ്പെടണം.

ഒരു ഗ്രാം യുറേനിയം 3. ടൺ കല്ക്കരി ഉല്പാദിപ്പിക്കുന്നത്ര പ്രവൎത്തനശക്തിയുണ്ടാകും. "ഒരു കാർ നിറയെ പരമാണുബീജം ഫ്രാൻസിലെ വൈദ്യുതസ്ഥാപനങ്ങളെല്ലാംകൂടി ഒരു കൊല്ലത്തിൽ ഉല്പാദിപ്പിക്കുന്നത്ര ശക്തി(എനർജി)യെ നമുക്കു തരു" മെന്നു പ്രൊഫസർ ജൂലിയോ ക്യൂരി പറയുന്നു.

അറ്റോമിക്ക്ശക്തികൊണ്ടു വിമാനങ്ങളുടേയും ഓട്ടോമോബൈലുകളുകളുടേയും എൻജിനുകൾ ഓടിക്കാറാവണമെങ്കിൽ സാങ്കേതികമായ പലവിഷമതകളേയും തരണംചെയ്യേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിക്ക് അപകടകരമായ രശ്മികളുടെ പ്രവൎത്തനത്തിൽനിന്നു ഡ്രൈവറേയോ വൈമാനികനേയോ രക്ഷിയ്ക്കാൻ ഡസൻകണക്കിൽ ടൺതൂക്കമുള്ള സുശക്തമായ കോൺക്രീററുമറകൾ വേണ്ടിവരും. പക്ഷേ ഇന്നോ, അല്ലെങ്കിൽ അടുത്ത ഭാവിയിൽത്തന്നെയോ, ഭൂമിയിൽ പലേടത്തും പരമാണുബീജശക്തി ഉപയോഗിക്കുന്ന വൈദ്യുതസ്ഥാപനങ്ങൾ പണിയാവുന്നതാണ്.

കൽക്കരിയും ജലശക്തിയും കുറവുള്ള പലേടങ്ങളിലും ഇമ്മാതിരി സ്ഥാപനങ്ങൾ അത്യാവശ്യമാണ്. സാമ്പത്തികഭൂപടത്തിൻെറ ഒഴിഞ്ഞ വശങ്ങൾ പൂരിപ്പിയ്ക്കാൻ അറ്റോമിക്ക്ശക്തി വളരെയേറെസ്സഹായിക്കും. അതായത്, റയിൽഗതാഗ

തസൌകൎയ്യമില്ലാത്തു വിസ്തൃതമായ തരിശുപ്രദേശങ്ങളിലേയ്ക്കു ശതകോടിക്കണക്കിൽ ടൺ കൽക്കരി കൊണ്ടുപോകാൻ ഒരു റെയിൽ പണിയുന്നതിനേക്കാൾ എത്രയോ ഇരട്ടി സൌകൎയ്യം വിമാനംവഴി 1 ടൺ യൂറേനിയം കൊണ്ടുപോവുകയാണ്.

കാലം കടന്നുപോവുമ്പോൾ — ആററംശക്തിയുടെ അപകടകരമായ രശ്മികളിൽനിന്നു മനുഷ്യനെ രക്ഷിയ്ക്കാനുതകുന്ന മാൎഗ്ഗങ്ങൾ കണ്ടുപിടിയ്ക്കപ്പെട്ടുകഴിഞ്ഞാൽ — അറേറാമിക്ക് മെഷീനുകൾ ആദ്യമായി വലിയ കപ്പലുകളിലും പിന്നീടു ലോക്കോമോട്ടിവുകളിലും വിമാനങ്ങളിലും ഓട്ടോമോബൈലുകളിലും മററും പ്രത്യക്ഷപ്പെടും. അധികം താമസിയാതെ ഗ്രഹങ്ങളിലേയ്ക്കു പറക്കാൻ കഴിവുള്ള അറേറാമിക്ക് ജെററ് യന്ത്രം ഘടിപ്പിച്ച ഒരു വിമാനം ഭൂമിയിൽനിന്നു നമ്മെ വഹിച്ചുകൊണ്ടുപോകുന്ന ചിരപ്രാൎത്ഥിതമായ ആ ദിവസവും വന്നുചേരും.

സോവിയററുയൂണിയനിൽ പ്രകൃതിയെ പുതുക്കിപ്പണിയുന്നതിൽ അറേറാമിക്ക് ശക്തി ഇപ്പോൾത്തന്നെ പ്രയോജനപ്പെട്ടുതുടങ്ങിയിട്ടുണ്ട്. യു. എൻ. ജനറൽ അസംബ്ളിയിൽ വെച്ചു സോവിയററുവിദേശകാൎയ്യമന്ത്രി എ. വൈ. വിഷിൻസ്കി പറഞ്ഞ വാക്കുകൾ ലോകത്തിലെങ്ങും മാറെറാലിക്കൊള്ളുകയുണ്ടായി:

"ഞങ്ങൾ സമാധാനപരമായ നിൎമ്മാണപ്രവൃത്തികൾക്ക് അറേറാമിക്ക് ശക്തിയെ ഉപയോഗിച്ചുവരികയാണ്. പൎവ്വതങ്ങളെ തട്ടിനിരപ്പാക്കാനും നദികളുടെ പ്രവാഹഗതിയെ മാററുവാനും മരുഭൂമികളെ നനയ്ക്കാനും മനുഷ്യപാദങ്ങൾ സ്പൎശിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽപ്പോലും ജീവിതം സാദ്ധ്യമാക്കാനുംവേണ്ടി അറേറാമിക്ക് ശക്തിയെ ഉപയോഗിയ്ക്കണമെന്നു ഞങ്ങളാഗ്രഹിക്കുന്നു."

ഭൂമുഖത്തു മനുഷ്യോപയോഗത്തിന്നുവേണ്ടി മാററിമറിയ്ക്കേ

ണ്ടുന്ന അനവധി പ്രദേശങ്ങളുണ്ടെന്നു ഭൂപടത്തിൽ നോക്കിയാൽ കാണാം.

അറേറാമിക്ക് ശക്തിയുടെ സഹായമുണ്ടെങ്കിൽ ആഫ്രിക്കയിൽ നദികളുടെ പ്രവാഹഗതി മാററി അവയെ വൻകരയുടെ ഹൃദയത്തിലേക്കു പ്രവഹിപ്പിച്ചുകൊണ്ടു കാലാവസ്ഥയെ കൂടുതൽ നനവുള്ളതാക്കിത്തീക്കാം. ആഫ്രിക്കയുടെ മൂന്നിലൊരു ഭാഗം വരുന്ന ആ വലിയ പാത്രത്തിൽ കുടുങ്ങിക്കഴിഞ്ഞാൽപ്പിന്നെ വെള്ളത്തിന്നു സമുദ്രത്തിലേയ്ക്കോടിയെത്താൻ അത്ര എളുപ്പമല്ല. അതു റിസർവോയറുകളിലും ചെടികളുടെ ഇലകളിലുംവെച്ച് ആവിയായിപ്പരിണമിച്ചു വീണ്ടും മഴയുടെ രൂപത്തിൽ അവിടെ തിരിച്ചെത്തും. അങ്ങിനെ സൂര്യോഷ്ണത്താൽ വരണ്ടുകിടക്കുന്ന ഒരു ഭൂഖണ്ഡത്തെ മുഴുവൻ കൂടുതൽ മനുഷ്യവാസയോഗ്യമാക്കിത്തീക്കാവുന്നതാണ്.

തെക്കേ അമേരിക്കയിൽ കോർഡിലെറാപർവ്വതശിഖരങ്ങൾ വൻകരയെ കടലിൽനിന്നു വേർതിരിക്കുന്നു. പെറുവിയൻപ്രദേശങ്ങളിൽ ആൻഡിസ് പർവ്വതത്തിന്മേലൂടെ പോകുന്ന തീവണ്ടികൾക്കു വിമാനങ്ങളെപ്പോലെ ഉയരത്തിൽ സഞ്ചരിക്കേണ്ടിവരുന്നുണ്ടു്. അവക്കു 4,880 മീററർ മേലോട്ടു കയറണം. ഏതാനും അറേറാമിക്ക് പൊട്ടിത്തെറികൾ മതി ആ പർവ്വതത്തിലൊരു വലിയ വിടവുണ്ടാക്കാൻ. എന്നാൽ കടല്ക്കരയിലേക്കു യാത്രാസൌകര്യമായി. ഈ വിടവിലൂടെ കടലിൽനിന്നടിച്ചു വരുന്ന കാററു്, തുടച്ചയായി വരൾച്ച ബാധിച്ചു വിഷമിക്കുന്ന ഉൾപ്രദേശങ്ങളിലെ വയലുകളിലേക്കു നീരാവിയെത്തിക്കുകയും ചെയ്യും.

ശില്പി കളിമണ്ണിനെയെന്നപോലെ, മനുഷ്യന്നു ഭൂമിയുടെ ഓരോ വശങ്ങളേയും രൂപഭേദപ്പെടുത്താം. സ്വന്തം പ്ലാനുകൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് ഇതിലെ കടൽത്തീരങ്ങളെ വ്യത്യാസപ്പെടുത്താം.

കരഭാഗത്തെമാത്രമല്ല, കടലുകളേയും പുതുക്കിപ്പണിയാൻ നമുക്കു കഴിയും.

മദ്ധ്യധരണ്യാഴിക്ക് അത്‌ലാന്തിക്ക്കടലിനേക്കാൾ 30 സെൻററിമീററവും കരിങ്കടലിനേക്കാൾ 50 സെൻററിമീററവും ആഴം കൂടുതലുണ്ട്. ജിബ്രാൾട്ടറിലും ഡാർഡനെൽസിലും അണക്കെട്ടുകൾ പണിയുന്നപക്ഷം കടൽവെള്ളത്തിൽനിന്നു വിദ്യുച്ഛക്തിയുണ്ടാക്കാം. സഹാറായുടെ മൂന്നിലൊരു ഭാഗം ജലസേചനംചെയ്യാൻ മതിയാവുന്ന പമ്പിങ്ങ്സ്റ്റേഷനുകൾ പ്രവത്തിപ്പിക്കാൻ വേണ്ടത്ര വൈദ്യുതശക്തി ജിബ്രാൾട്ടർ ഹൈഡ്രോ ഇലക്ട്രിക്ക്പ്ലാൻററിൽനിന്നു കിട്ടും.

കടലിടുക്കുകളിൽ അണകൾ കെട്ടിയും, കരയിടുക്കുകളിലൂടേയും ദ്വീപുകൾക്കുള്ളിലൂടേയും തോടുകൾ വെട്ടിയും, സമുദ്രത്തിലെ ഒഴുക്കുകളുടെ ഗതി മാററാവുന്നതാണ്. അങ്ങിനെ ധ്രുവങ്ങളിൽനിന്നു വരുന്ന ശീതപ്രവാഹങ്ങളെ വൻകരകളിൽനിന്നകററി സമുദ്രത്തിലേയ്ക്കും മദ്ധ്യരേഖയിൽനിന്നു വരുന്ന ഉഷ്ണപ്രവാഹങ്ങളെ കരയുടെ സമീപത്തേയ്ക്കും തിരിച്ചുവിടാൻ കഴിയും.

ഇപ്രകാരം സമുദ്രജലത്തെ ചലിപ്പിക്കുന്ന സൂര്യോഷ്ണത്തേയും മനുഷ്യനുപയോഗിക്കാം.

ഇതുപോലെത്തന്നെ കാലക്രമത്തിൽ, അറേറാമിക്ക്ശക്തിയുടെ സഹായത്തോടെ വായുവിലെ കറൻറുകളേയും സ്വന്തം ആജ്ഞാനുവത്തികളാക്കാൻ മനുഷ്യൻ പഠിക്കും. ധ്രുവപ്രദേശങ്ങളിൽ കൃത്രിമക്കൊടുങ്കാററുകൾ സൃഷ്ടിച്ചും, അറേറാമിക്ക് 'ചൂടി'ൻെറ സഹായത്തോടെ കടൽവെള്ളത്തെ ആവിയാക്കി മാററിയും, ധ്രുവപ്രദേശങ്ങളിലെ തണുത്തു കട്ടിപിടിച്ച വായുവെ ചൂടുപിടിപ്പിച്ചും, മനുഷ്യൻ കാലാവസ്ഥയെ നിയന്ത്രിക്കും; എല്ലാ വൻകരകൾക്കും യോജിച്ച കാലാവസ്ഥകൾ സൃഷ്ടിക്കും.

ഭൂമി സൂര്യോഷ്ണത്തെ എല്ലായ്പോഴും മനുഷ്യൻെറ ഉത്തമഗുണത്തിന്നായി ഉപയോഗിക്കാറില്ല. അതു ചിലപ്പോൾ എപ്രി

ലിൽ വളരെയധികം ചൂട ചിലവഴിക്കും; മേയിൽ വളരെക്കു റച്ചും.

പക്ഷേ, മനുഷ്യൻ പ്രകൃതിയുടെ സൌജന്യങ്ങളിൽ ഇട പെട്ടു് അവയെ നിയന്ത്രിക്കാൻതക്കവണ്ണം കരുത്തുള്ളവനായി ത്തീരുമ്പോൾ, അവന്നു ചൂടിനെ തണുത്ത പ്രദേശങ്ങളിലേയ്ക്കും തണുപ്പിനെ അധികോഷ്ണപ്രദേശങ്ങളിലേയ്ക്കും തിരിച്ചുവിടാൻ കഴിയും.

അവൻ വസ്തുവിൻേറയും ശക്തിയുടേയും ബാലൻസ്ഷീററു പരിശോധിച്ചു് ആയിരക്കണക്കിൽ ക്യൂബിക്ക് കിലോമീററർ വെള്ളവും കോടിക്കണക്കിൽ ടൺ വസ്തുക്കളും കോടിക്കണക്കിൽ കലോറികൾ ചൂടും തനിക്കാവശ്യമായി തോന്നുന്നേടത്തേയ്ക്കു മാററും.

ഉത്തരപ്രദേശത്തെ ഫാക്ടറികളിലും പട്ടണങ്ങളിലും വൈ ദ്യുതശക്തി പോരാതെവന്നാൽ അതിനെ നികത്താനുള്ളതു ദ ക്ഷിണപ്രദേശത്തുനിന്നു വരും. പൌരസ്ത്യപ്രദേശത്തെ വയ ലുകളിൽ വെള്ളം പോരാതെവന്നാൽ അതു പടിഞ്ഞാറൻപ്രദേ ശങ്ങളിൽനിന്നും വരും.

അയിരുകൾ, കൽക്കരി, എണ്ണ, ഉപ്പുകൾ, കല്ലുകൾ എ ന്നിവയെല്ലാം ഭൂമിയുടെ ഉപരിതലത്തുനിന്നു് ഓട്ടോമേററിക്ക് ഫാക്ററ റികളിലേയ്ക്കൊഴുകും. അവിടെവെച്ചു് അവ മനുഷ്യ ന്നാവശ്യമുള്ള സാധനങ്ങളായി രൂപവൽക്കരിക്കപ്പെടും.

മനുഷ്യൻ പർവ്വതത്തേയോ വെള്ളച്ചാട്ടത്തേയോ അപേ ക്ഷിച്ചു വ്യക്തിപരമായി താരതമ്യേന നിസ്സാരനും ദുർബ്ബലനു മാണു്. എന്നാൽ കോടിക്കണക്കിൽ ജനങ്ങളുടെ കൂട്ടായ മന ശ്ശക്തി സ്വയം പുതുക്കിപ്പണിയാൻ പ്രകൃതിയെ നിർബ്ബന്ധി ക്കും. മനുഷ്യൻ ചെയ്യേണ്ടതു് അതിനെ നയിക്കുകമാത്രമാണു്.

കഠിനാദ്ധ്വാനമുള്ളതും മടുപ്പിക്കുന്നതും ബുദ്ധിപരമല്ലാത്ത തുമായ എല്ലാം ജോലികളും യന്ത്രങ്ങൾക്കു വിട്ടുകൊടുക്കുക; ബു

ഢിയില്ലാത്ത മെഷീനുകളുടെ കഴിവിന്നതീതമായ പ്രവൃത്തികൾ മാത്രം മനുഷ്യൻ ചെയ്യുക.

ഒന്നാലോചിച്ചുനോക്കൂ—ലോകത്തിലേററവും വിലപിടിച്ച മനുഷ്യപ്രയത്നത്തിൻെറ എത്ര വലിയൊരു ഭാഗമാണ് മുതലാളിത്തരാജ്യങ്ങളിൽ ധൂൎത്തടിക്കപ്പെടുന്നതു്!

ഭൂമിയിൽ ചെയ്താൽ തീരാത്തത്ര പണിയുണ്ടു്—എന്നിട്ടും മുതലാളിത്തലോകത്തു പട്ടിണിതീൎക്കാനുള്ള തൊഴിലിന്നു മാൎഗ്ഗം കാണാത്ത തൊഴിലില്ലാപ്പട്ടാളം $4\frac{1}{2}$ കോടിയുണ്ടു്.

ആഫ്രിക്കയിലും തെക്കെ അമേരിക്കയിലുമുള്ള തോട്ടങ്ങളിൽ യന്ത്രങ്ങൾകൊണ്ടു ചെയ്യാവുന്ന കഠിനജോലികൾപോലും ഇന്നും പണ്ടത്തെപ്പോലെ മനുഷ്യരാണ് ചെയ്യുന്നതു്. ഇതു കോളണികളിലും ആശ്രിതരാജ്യങ്ങളിലും മാത്രമല്ല. സാമ്രാജ്യത്വരാജ്യങ്ങളിൽ മെഷീനുകൾക്കു വിട്ടുകൊടുക്കേണ്ട പണി മനുഷ്യരെക്കൊണ്ടു ചെയ്യിച്ചു രാപ്പകൽ മനുഷ്യാദ്ധ്വാനത്തെ ധൂൎത്തടിക്കുന്ന കല്ക്കരിഖനികളും ഫാക്ടറികളും മററു നിൎമ്മാണപദ്ധതികളും നിങ്ങൾക്കു കാണാം.

മുതലാളിത്തവ്യവസ്ഥ മണ്ണിനെമാത്രമല്ല, അതിലധിവസിച്ചു പണിയെടുക്കുന്ന മനുഷ്യരെക്കൂടി കയ്യേറി നശിപ്പിച്ചുകളയുകയാണു്.

ലോകത്തിൽനിന്നു ചൂഷണം അപ്രത്യക്ഷമാകുമ്പോൾ—സയൻസിൻേറയും സാങ്കേതികവൈദഗ്ദ്ധ്യത്തിൻേറയും എല്ലാ തുറകളും മനുഷ്യൻെറ അദ്ധ്വാനത്തെ കുറയ്ക്കാനും അതവന്നു് ആഹ്ലാദകരമാക്കിത്തീൎക്കാനുംവേണ്ടി ഉപയോഗപ്പെടാൻ തുടങ്ങുമ്പോൾ—ഈ കുററകരമായ ധൂൎത്തു് അവസാനിക്കും.

ഇപ്പോൾത്തന്നെ യുദ്ധഭീഷണിയിൽനിന്നു ജനങ്ങൾ സ്വതന്ത്രരായിരുന്നുവെങ്കിൽ, പ്രവൃത്തിസമയം പകുതിയാക്കി വെട്ടിച്ചുരുക്കാമായിരുന്നു.

അടുത്ത കാലത്തു ബോമ്പെയിലെ ഒരു പൊതുയോഗത്തിൽ വെച്ച് പ്രൊഫസർ ജൂലിയോ ക്യൂരി പറയുകയുണ്ടായി:

"തങ്ങൾ ഫാക്ടറികളിലും വയലുകളിലും ചിലവഴിക്കുന്ന 8 മണിക്കൂറുകളിൽ 4 മണിക്കൂറുകളും തീരെ അനാവശ്യമായ യുദ്ധോപകരണങ്ങൾക്കും സായുധപ്പട്ടാളങ്ങൾക്കും വേണ്ടിവരുന്ന ചിലവിലേയ്ക്കാണുപയോഗിക്കപ്പെടുന്നതെന്ന വസ്തുത തൊഴിലെടുക്കുന്നവർ മനസ്സിലാക്കുന്നുണ്ടോ? ഇതിൽ ഒടുവിലത്തെ 4 മണിക്കൂറും ആദ്യത്തെ 4 മണിക്കൂറുകളിൽ സൃഷ്ടിക്കപ്പെട്ടവയെ നശിപ്പിക്കാനുള്ള നശീകരണോപാധികൾക്കുവേണ്ടി ചിലവഴിക്കപ്പെടുന്നുവെന്നതാണ്. ഏററവും ശൌരവാവഹമായ കാര്യം."

പുരാണകഥയിൽ, സിസൈഫസ് വലിയൊരു കല്ലിനെ കുന്നിനുകളിലേയ്ക്കു തള്ളിക്കേററാറുണ്ടായിരുന്നുവെന്നും, അതു വീണ്ടും താഴോട്ടുരുണ്ടുവീണുകൊണ്ടിരുന്നുവെന്നും പറയപ്പെടുന്നു. ഇന്നത്തെ സിസൈഫസുമാർ തങ്ങളുടെ സമയത്തിൻെറ ഉത്തരാദ്ധം, പൂവ്വാദ്ധത്തിൽ തങ്ങൾ സൃഷ്ടിച്ചതിനെ നശിപ്പിക്കാനായി ഉപയോഗിക്കുന്നു. അങ്ങിനെ സാമ്രാജ്യത്വം കോടിക്കണക്കിലുള്ള ജനതയെ സിസൈഫസ്സിൻേറതുപോലുള്ള ഫലശൂന്യമായ പണിക്കു വിധിച്ചുതള്ളുകയാണ്.

## മരണത്തിന്നു പകരം ജീവിതം

സാമ്രാജ്യത്വം—യുദ്ധം കുത്തിപ്പൊന്തിച്ചു മനുഷ്യരാശിയുടേയും അതിൻെറ സുഖത്തിൻേറയും നടുവിൽ നില്ക്കുന്നതതാണ്.

അറേറാമിക്ക് ശക്തി മനുഷ്യരാശിക്ക് വമ്പിച്ചൊരു നേട്ടമാകാം. എന്നാലതിനെ, പട്ടണങ്ങളേയും അതിലധിവസിക്കുന്ന സ്ത്രീകളും കുട്ടികളും വൃദ്ധരുമടക്കം സവ്വമനുഷ്യരേയും ഒന്നോടെ കൊന്നൊടുക്കുന്ന ആയുധങ്ങളാക്കി മാററുന്നവരുണ്ട്.

കഴിഞ്ഞ നവമ്പറിൽ, അമേരിക്കയിലെ റിയാക്ററർ ഡെ

വലപ്പ്മെൻറിൻെറ ഡയറക്ടറായ ലാറൻസ് ഹാഫ്സ്റ്റാഡ് 'ബുള്ളെററിൻ ഓഫ് ദി അറോമിക്ക് സയൻറിസ്റ്റ്സ്' എന്ന പത്രത്തിൽ ഒരു ലേഖനമെഴുതിയിരുന്നു. അതിലദ്ദേഹം ചില പ്രത്യേകക്കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. ഒരു അറോമിക്ക്ബോമ്പിന്നു് അതിൻെറ നശീകരണശക്തിയെ ആസ്പദിച്ചുള്ള വമ്പിച്ച വില കണക്കാക്കിക്കൊണ്ടു്, അറോമിക്ക്ശക്തി ഭരണപരമായ ആവശ്യങ്ങൾക്കു് ഉപയോഗിക്കുന്നതിനേക്കാൾ യുദ്ധാവശ്യങ്ങൾക്കുപയോഗിക്കുന്നതാണു് കൂടുതൽ ലാഭകരമെന്ന തീരുമാനത്തിലാണദ്ദേഹമെത്തുന്നതു്. മാത്രമല്ല, അറോമിക്ക്ശക്തിയുടെ ഭരണപരമായ ഉപയോഗം 'ആകാശത്തിലുള്ളൊരു പക്ഷി'പോലെ വെറുമൊരുന്നംമാത്രമാണെന്നും എന്നാൽ, അറോമിക്ക്ബോമ്പ് വിലപ്പെട്ട ഒരു യാഥാർത്ഥ്യമാണെന്നും അദ്ദേഹം പറയുന്നു.

ചുവടെയുള്ള വാദം പുറപ്പെടുവിക്കാൻ നമുക്കും അവകാശമുണ്ടു്. തീപ്പെട്ടി വളരെ വിലകുറഞ്ഞ വസ്തുവാണെന്നു് എല്ലാവർക്കുമറിയാം. എന്നാൽ വലിയ ഒരു വീടിന്നു തീകൊളുത്താൻ അതിനെ ഉപയോഗിച്ചാൽ, വളരെ വിലപിടിച്ച വസ്തുക്കളെ നശിപ്പിക്കാൻ അതിന്നു കഴിയും.

അപ്പോൾ ഹാഫ്സ്റ്റാഡിൻെറ വഴിക്കാലോചിച്ചാൽ, തീപ്പെട്ടികൊണ്ടു സിഗററു കത്തിക്കൽ തുടങ്ങിയ നാശകരമല്ലാത്ത എന്തെങ്കിലും ചെയ്യുന്നതിന്നു പകരം വീടുകൾക്കു തീകൊളുത്താനുപയോഗിച്ചാൽ അതു വളരെ ലാഭകരമാണു്.

അതാ പിടിച്ചോളൂ, ലോകത്തിന്നു മുഴുവൻ—ഒരേയൊരു വീടിന്നല്ല—തീകൊളുത്താനുദ്ദേശിക്കുന്നവരുടെ 'ലോജിക്ക്'!

സാമ്രാജ്യവാദികൾ അറോമിക്ക്ശക്തിയുടെ നാടനുപയോഗങ്ങളെ തടയുന്നതിന്നു വേറെയും കാരണങ്ങളുണ്ടു്. അതിലൊന്നിതാണു്: അങ്ങിനെ ഉപയോഗിച്ചുതുടങ്ങിയാൽ ഭാവിയിൽ അറോമിക്ക്ശക്തി വളരെ വില കുറഞ്ഞതാവും.

സാമാന്യബുദ്ധിക്കു മുമ്പിൽ ഇതു വളരെ നല്ലൊരു കാര്യമായി തോന്നാം. എന്തെന്നാൽ, അറോമിക്ക്ശക്തിയുടെ വില കുറഞ്ഞാൽ അതു് അധികമധികം അവശ്യങ്ങൾക്കുപയോഗിക്കാം. വീടുകളിൽ ചൂടു നിലനിത്താനും സ്റ്റൌവുകളും അടുപ്പുകളും വേണ്ടെന്നുവെയ്ക്കാനും, അങ്ങിനെ പലതിന്നും ഉപയോഗിക്കാം.

ഇവിടെയാണ് അമേരിക്കയിലെ ആന്ത്രാസൈററ്വ്യവസായപ്രതിനിധികളുടെ ശബ്ദം നാം കേൾക്കുന്നതു്. 3½ കോടി ജനങ്ങളധിവസിക്കുന്ന 60 ലക്ഷം വീടുകൾക്കു കല്ക്കരി കൊടുക്കുന്ന ആന്ത്രാസൈററ്ഖനികളിൽ ആകെ 40 കോടി ഡോളർ മൂലധനമാണിറക്കിയിട്ടുള്ളതു്. അതുകൊണ്ടു ഖനിയുടമസ്ഥന്മാക്കു ബേജാറാണ്. ആന്ത്രാസൈററിന്നുപകരം അറോമിക്ക്ശക്തി ഉപയോഗത്തിൽവന്നാൽ തങ്ങളുടെ കൊള്ളലാഭം നിലച്ചേയ്ക്കുമെന്ന ഭയമാണവക്ക്.

വലിയ വലിയ എണ്ണക്കമ്പനിക്കാക്കും വിദ്ദ്യുച്ഛക്തിസ്ഥാപനങ്ങളുടേയും റെയിൽവേകളുടേയും കപ്പൽക്കമ്പനികളുടേയും ഉടമകൾക്കും എല്ലാം ഇതേ ബേജാറുതന്നെയാണ്.

ഇവക്കു മനശ്ശാന്തി നല്കാൻ അമേരിക്കയിലെ 'ചേംബർ ഓഫ് കാമ്മേഴ്സ്'' പ്രകൃതിശാസ്ത്രജ്ഞന്മാരോടെല്ലാം വേണ്ടവിധം ആലോചിച്ചശേഷം, ഇന്നു നാമുപയോഗിക്കുന്ന എനജ്ജിശക്തികൾക്കു ബദലായി അറോമിക്ക്ശക്തി ഉപയോഗിക്കാൻ കഴിയുന്ന കാലം അടുത്തൊന്നും വന്നുചേരുമെന്നു "ഭയപ്പെടേണ്ടതില്ലെ"ന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മുതലാളിത്തത്തിൻെറ ലോജിക്ക്—അല്ലാതെന്തു പറയാനാണ്.

അറോമിക്ക്ശക്തി മനുഷ്യോപയോഗസാധനങ്ങളുടെ ഉല്പാദനം ആദായകരമാക്കിത്തീക്കും; ഉല്പാദനം കണക്കിലേറെ വദ്ധിപ്പിക്കും; മനുഷ്യൻെറ പ്രവൃത്തിയെ സുഗമമാക്കും—ഇതു

ഭൂമുഖത്തു് അധിവസിക്കുന്നവരിൽ ബഹുഭൂരിപക്ഷത്തിനും ഗു
ണകരമായൊരു കാൎയ്യമാണു്.

എന്നാൽ, സൂപ്പർട്രസ്ററുകളുടേയും കുത്തകമുതലാളിസ്ഥാ
പനങ്ങളുടേയും നാട്ടിൽ വാക്കുകളുടേയും വിശ്വാസങ്ങളുടേയും
ശരിയായ അൎത്ഥം വികൃതമാക്കപ്പെടുന്നു. "ധാരാളം" എന്ന പ
ദത്തിന്നു് "അധികോല്പാദനം" എന്നാണു് വ്യംഗ്യം; "വിലക്കു
റവു്" എന്നു വെച്ചാൽ വിഷമഘട്ടം എന്നും. അദ്ധ്വാനഭാരം
കുറയ്ക്കാനുതകുന്ന യന്ത്രസാമഗ്രികൾ വന്നാൽ തൊഴിലില്ലായ്മ വ
ൎദ്ധിക്കും. പുരോഗമനപരമായ ശാസ്ത്രീയക്കണ്ടുപിടുത്തങ്ങളെ
ല്ലാംതന്നെ മനുഷ്യരാശിയെ ഉന്മൂലനാശംചെയ്യാനുള്ള പൂൎണ്ണമാ
യ പുതിയ പദ്ധതികൾക്കുവേണ്ടിയാണു്.

അറ്റോമിക്ക്ശക്തിയുടെ വളൎച്ചയെപ്പററി ഒരമേരിക്കൻ
സാമൂഹ്യശാസ്ത്രവിദഗ്ദ്ധനായ വില്യം എഫ്. ഓഗ്ബേൺ എഴു
തുകയാണു്:

"........ഇതു നമ്മെ വളരെ വേഗത്തിൽ അടിമത്തത്തിലേ
യ്ക്കു നയിക്കാൻ വഴിയുണ്ടു്. മററൊരു തരത്തിൽ പറഞ്ഞാൽ,
കുത്തകമുതലാളിത്തത്തിലേയ്ക്കും വിലക്കയററം ഉണ്ടാക്കുന്ന ഏ
ൎപ്പാടുകളിലേയ്ക്കുമുള്ള നമ്മുടെ ഗതിയെ ത്വരിതപ്പെടുത്താനാ
ണിതു് ഉപകരിക്കുക........ഇതു വൻകിടവ്യവസായങ്ങളെ ശ
ക്തിപ്പെടുത്തും........ശാസ്ത്രീയപുരോഗതിയെ ആസ്പദിച്ചുനടത്ത
പ്പെടുന്ന ഗവേഷണങ്ങളെ—അവയെ ഉപയോഗിക്കേണ്ടതെ
ങ്ങിനെയെന്നു പഠിപ്പിക്കാൻ സാമൂഹ്യശാസ്ത്രത്തിന്നു കഴിവു വ
രുന്നതുവരെ—നിൎത്തിവെച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനത്തി
ൻെറ ആവശ്യകതയെക്കുറിച്ചു നാം ചിന്തിക്കേണ്ടതാണെന്നെ
നിക്കു തോന്നുന്നു."

ശാസ്ത്രം ദ്രുതഗതിയിൽ മുന്നേറുന്നതുകൊണ്ടു് അതിനെത്ത
ടഞ്ഞുനിൎത്തേണ്ടതാണെന്നൎത്ഥം!

മുതലാളിയത്തു് ഒരു തലമുറക്കാലംവരെയ്ക്കെങ്കിലും വ്യാവസായി

കാവശ്യങ്ങൾക്കുവേണ്ടി അറേറാമിക്ക് ശക്തി ഉപയോഗിക്കുന്നതു തടയുന്നതിന്നായി അന്താരാഷ്ട്രീയമായ ഒരു ഉടമ്പടി വേണ്ടതാണെന്നു രണ്ടു അമേരിക്കൻ എൻജിനീയർമാർ അഭിപ്രായപ്പെട്ടതായി പ്രൊഫസ്സർ ബ്ലാക്കററ് എന്ന ബ്രിട്ടീഷ് പ്രകൃതിശാസ്ത്രജ്ഞൻ പറയുന്നു. സയൻസിൻേറയും ടെക്നോളജിയുടേയും വളച്ചയെ തടഞ്ഞുനിൎത്താനാഗ്രഹിക്കുന്നവർ ഇവർ രണ്ടുപേർമാത്രമല്ല. കഴിഞ്ഞ മാച്ചിൽ 'ന്യൂയോക്ക് ടൈംസ് മാഗസിൻ' ബ്രിട്ടീഷ് 'തത്വചിന്തക'നായ ബർട്രാൻഡ് റസ്സലിൻെറ 'ശാസ്ത്രത്തിൽനിന്നു നമ്മെ രക്ഷിക്കാൻ വേണ്ടിയുള്ള ശാസ്ത്രം' (The Science to save us from science) എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ശാസ്ത്രീയമായ ഓരോ പുതിയ കണ്ടുപിടുത്തത്തേയും സ്വാഗതംചെയ്യുന്ന സോവിയററുനാട്ടുകാരന്നു് ഇതു വായിക്കുമ്പോൾ ഒരസാധാരണമായ അനുഭവമാണുണ്ടാവുന്നതു്.

എന്നാൽ സാമ്രാജ്യത്വം എല്ലാററിനേയും തലകീഴാക്കി നിൎത്തുന്നു. അതിന്നു് അനുഗ്രഹം ഒരു ശാപമാണു്; വമ്പിച്ച ശാസ്ത്രീയക്കണ്ടുപിടുത്തങ്ങൾ അതിനെ അമ്പരപ്പിക്കുന്നു—ശാസ്ത്രത്തിൻെറ വായമൂടാനുള്ള ആഗ്രഹം ജനിപ്പിക്കുന്നു.

ശാസ്ത്രം മനുഷ്യരാശിക്കു് ഒരു ശാപമാകുന്നതിന്നു പകരം, ഒരനുഗ്രഹമായിത്തീരുന്നതു് ഏതുതരത്തിലുള്ള സാമൂഹ്യവ്യവസ്ഥയിൻകീഴിലാണെന്നു സാമൂഹ്യശാസ്ത്രങ്ങൾ പറഞ്ഞുതന്നിരിക്കുന്നുവെന്നു നമുക്കു മിസ്റ്റർ ഓഗ്ബേണിനോടു പറയാൻ കഴിയും.

യുദ്ധങ്ങളുടേയും സാമ്പത്തികാധഃപതനത്തിൻേറയും തൊഴിലില്ലായ്മയുടേയും മൂലകാരണമായ സാമ്രാജ്യത്വം നാമാവശേഷമായതിന്നുശേഷം, യുദ്ധങ്ങളില്ലാതെ ശാശ്വതസമാധാനത്തിൻേറതായ ഒരു യുഗത്തിൽ മനുഷ്യരാശിയുടെ ഉല്ക്കൎഷത്തിന്നു വേണ്ടി ശാസ്ത്രത്തിന്നു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതി

ൻ്റെ ഏതാണ്ടൊരു പരുക്കൻരൂപം തരാൻ ഞാനിവിടെ ശ്രമിച്ചിട്ടുണ്ടു്.

പണ്ടത്തെ വലിയൊരു റഷ്യൻശാസ്ത്രജ്ഞനും കണ്ടുപിടുത്തക്കാരനുമായിരുന്ന കെ. ഇ. സിയോൽക്കോവ്സ്കി അക്കാലത്തു്, 'ഭൂമിയുടേയും പ്രപഞ്ചത്തിൻേറയും ഭാവി' എന്ന തൻെറ പുസ്തകത്തിൽ "ഭൂമി ഒരു മരുഭൂമിയാണു്; ഇതിനെ നന്നാക്കേണ്ടിയിരിക്കുന്നു" എന്നും മററും എഴുതുകയുണ്ടായി.

ഈ ഭൂമി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പൂവനമായിക്കാണാനാഗ്രഹിച്ചിരുന്ന (തീച്ചയായും അതു സാദ്ധ്യമാണുതാനും) അദ്ദേഹത്തിന്നു തൻെറ ഭാവനാലോകത്തെ അപേക്ഷിച്ച് ഇതു വെറുമൊരു മരുഭൂമിയായിത്തോന്നിയിരിക്കണം. "മനുഷ്യൻ മണ്ണിൻേറയും കടലുകളുടേയും ആകാശത്തിൻേറയും കാലാവസ്ഥയുടേയും ചെടികളുടേയും തൻെറതന്നെയും യജമാനനാവുന്ന കാലത്തു ഭൂമി നന്നായിത്തീരു"മെന്നു് അദ്ദേഹം പ്രവചിക്കയുണ്ടായി.

ലോകത്തിൽ തൻെറ യഥാത്ഥസ്ഥാനം ഏറെറടുക്കുന്ന കാലത്തു മനുഷ്യൻ മഹത്തായ കാൎയ്യങ്ങൾ നിവ്വഹിക്കും. രോഗങ്ങൾക്കെതിരായ സമരമായിരിക്കും ഇതിലേററവും പ്രാധാന്യമേറിയതു്. ആററംബോമ്പിന്നുവേണ്ടി ചിലവഴിക്കപ്പെട്ട ഈ 20കോടി ഡോളർ, കൊല്ലംതോറും കോടിക്കണക്കിലാളുകളുടെ ജീവൻ അപഹരിക്കുന്ന ക്ഷയം, കാൻസർ തുടങ്ങിയ രോഗങ്ങളെ നിമ്മാജ്ജനംചെയ്യാനുപയോഗിക്കാമായിരുന്നു.

എന്നാൽ, സമാധാനപരമായ നിമ്മാണപ്രവത്തനങ്ങൾക്കുവേണ്ടി മനുഷ്യപ്രയത്നവും ശാസ്ത്രവും ഒത്തുചേന്നാലുണ്ടാവുന്ന നേട്ടങ്ങളെ അപേക്ഷിച്ച് ഇമ്മാതിരി ആയിരമായിരം സ്ഥാപനങ്ങൾപോലും വളരെ നിസ്സാരമായിരിക്കും.

മനുഷ്യർതമ്മിലിന്നു നടക്കുന്ന യുദ്ധങ്ങൾക്കു വിരാമമിട്ടുകഴിഞ്ഞാൽ പിന്നീടു മനുഷ്യൻ യുദ്ധംചെയ്യുന്നതു മരണത്തിനോ

ടായിരിക്കും! ജീവിതം ഒരാനന്ദമാകത്തക്കവണ്ണം പുതുക്കിപ്പണിയപ്പെട്ട ഈ ഭൂമുഖത്തു മനുഷ്യായുസ്സിന്റെ നീളം കൂട്ടാൻ നമുക്കു സാധ്യമാകും.

അറേറാമിക്ക് യുദ്ധത്തിൽനിന്നുണ്ടാകാവുന്ന ലാഭം എണ്ണിത്തിട്ടപ്പെടുത്തുന്നവരുടെ വാദമുഖങ്ങൾ എത്രകണ്ടു നെറികെട്ടതാണെന്നു മേൽപ്പറഞ്ഞവയിൽനിന്നു നിങ്ങൾക്കു വ്യക്തമായി മനസ്സിലാകും.

പാശ്ചാത്യനോവലെഴുത്തുകാർ ഈ യുദ്ധത്തെ ചിത്രീകരിച്ചുകൊണ്ട് എന്തൊക്കെ കാളരാത്രികളാണ് സൃഷ്ടിക്കുന്നത്! ഫലശൂന്യമായിത്തീർന്ന മണ്ണിനെപ്പററിയും വിഷലിപ്തമായ ജലാഗമമാർഗ്ഗങ്ങളെപ്പററിയും, ദൂഷിച്ച വായുവെപ്പററിയും റേഡിയോപ്രവർത്തനംകൊണ്ടു നശിക്കപ്പെട്ട അയിരുകളെപ്പററിയും, മുട്ടമാമ്പലാക്കപ്പെട്ട കാടുകളെക്കുറിച്ചും, വയലുകളെക്കുറിച്ചും, തകർക്കപ്പെട്ട പട്ടണങ്ങളെക്കുറിച്ചും, പണ്ടുകാലത്തു തങ്ങളുടെ വീടുകളായിരുന്ന നാശക്കൂമ്പാരങ്ങളിൽക്കിടന്നു കാടത്തത്തിലേക്കു തിരിച്ചുചെല്ലുന്ന മനുഷ്യരെപ്പററിയുമെല്ലാം അവർ നമുക്കു വർണ്ണിച്ചുതരുന്നു. മനുഷ്യരാശിയുടെ ശവക്കുഴി തോണ്ടുന്നവർ ലോകത്തിന്റെ ഭാവിയെക്കുറിച്ചു പ്രവചിക്കുകയാണ്!

എന്നാൽ, അവരുടെ വിലാപഗീതങ്ങൾ വളരെ വേഗത്തിലായിപ്പോയി! മരണത്തെ തള്ളിനീക്കി ജീവിതത്തെ തിരഞ്ഞെടുക്കാൻ മതിയായ വിവേചനാബുദ്ധി മനുഷ്യരാശിക്കുണ്ട്. അതൊരിക്കലും ആത്മഹത്യക്കു തയ്യാറില്ല, തീർച്ച.

അറേറാമിക്ക്ബോമ്പിനെ നിരോധിക്കാനും, ആദ്യമായി അറേറാമിക്ക്യുദ്ധം ആരംഭിക്കുന്നവരെ യുദ്ധക്കുററവാളികളായി ഗണിക്കാനും ആവശ്യപ്പെടുന്ന എണ്ണമററ സ്ത്രീപുരുഷന്മാരുടെ ഒപ്പുകൾ ഇതിനു മതിയായ തെളിവാണ്.

അഭ്യർത്ഥനകൾ, പ്രമേയങ്ങൾ, പ്രക്ഷേപണങ്ങൾ, ലേഖനങ്ങൾ എന്നിവയിലൂടെ ലോകത്തിന്റെ ഓരോ മുക്കിലും

മൂലയിലുമുള്ള ശാസ്ത്രജ്ഞന്മാർ, എഴുത്തുകാർ, തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ എല്ലാവരാലും ഈ വസ്തുത പൂർവ്വാധികം ഉച്ചത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

സോഷ്യലിസത്തിൻെറ നാടായ സോവിയററുയൂണിയൻെറ ദ്രുതഗതിയിലുള്ള അഭിവൃദ്ധി, കമ്യൂണിസത്തിലേക്കുള്ള—ഭൂഗോളത്തെ അദ്ധ്വാനിക്കുന്നവരുടെ സുഖവാസസ്ഥലമാക്കിത്തീർക്കുന്ന കമ്മ്യൂണിസത്തിലേക്കുള്ള—മനുഷ്യരാശിയുടെ അചഞ്ചലമായ മുന്നേററം ഇവ അതിൻെറ ഏററവും അടിയുറച്ചതും വിശ്വാസയോഗ്യവുമായ തെളിവുകളാണ്.

---

തൃശ്ശൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചതു്.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M330 *Acc. No.* 11586

This book should be returned on or before the date last stamped below.

26 JUN 1977

M330 11586

ഇലീൻ ഏം.
മണ്ണും മനുഷ്യനും.

KOTTAYAM PUBLIC LIBRARY

Call No. M 330

Acc. No. 11586

Author [illegible]

Title മണ്ണും മനുഷ്യനും

Indic Digital Archive Foundation

gpura.org